# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

**(ECONOMIC AFFAIRS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂൺ 4-ാം തീയതി സമർപ്പിച്ചത്

(Presented on 4th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

473/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 18 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## സാമ്പത്തിക കാര്യങ്ങൾ

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

*ശ്രീ. അനൂപ് ജേക്കബ്, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, വി. ചെന്താമരാക്ഷൻ

,, കോവൂർ കുഞ്ഞുമോൻ

,, മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

,, കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി

,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

---

* ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) 2012 ജനുവരി 7-ാം തീയതി മുതൽ 2012 ഏപ്രിൽ 25-ാം തീയതിവരെ എക്സ്-ഒഫീഷ്യോ അംഗമായിരുന്നു.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 28-6-2011-ന് രൂപീകൃതമായ 2011-2013 വർഷത്തേക്കുള്ള സബ്ജക്റ്റ് കമ്മിറ്റി VIII-ലെ എക്സ്-ഒഫീഷ്യോ അംഗമായിരുന്ന ശ്രീ. ടി. എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി) 30-10-2011-ന് നിര്യാതനായതിനെ തുടർന്ന് 2012 ജനുവരി 7-ാം തീയതിയിലെ 134-ാം നമ്പർ ബുള്ളറ്റിൻപ്രകാരം ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുകയുണ്ടായി. 2012 ഏപ്രിൽ 26-ാം തീയതിയിലെ 182-ാം നമ്പർ ബുള്ളറ്റിൻപ്രകാരം ശ്രീ. ഷിബു ബേബി ജോൺ സ്ഥാനമൊഴിയുകയും ശ്രീ. അനുപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമാവുകയും ചെയ്തു.

പതിമൂന്നാം കേരള നിയമസഭയിൽ സബ്ജക്റ്റ് കമ്മിറ്റി-VIII രൂപീകൃതമായ 2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി അഞ്ച് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ രണ്ട് യോഗങ്ങൾ 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും ശേഷിച്ചവ സമിതിയുടെ പരിധിയിൽവരുന്ന മറ്റു വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർനില 76 ശതമാനമായിരുന്നു.

രണ്ട് ഭാഗങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ 2010-11 വർഷത്തെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഒന്നാം ഭാഗമായും സമിതി പരിശോധിച്ച ബില്ലുകൾ, കരടുചട്ടങ്ങൾ, എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ രണ്ടാം ഭാഗമായും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2012 മേയ് 9-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എം. മാണി,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2012 മേയ് 9.

# റിപ്പോർട്ട്

## ഭാഗം 1

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ V — കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VII — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ധനാഭ്യർത്ഥന നമ്പർ VIII — എക്സൈസ്

ധനാഭ്യർത്ഥന നമ്പർ X — ട്രഷറികളും അക്കൗണ്ടുകളും

ധനാഭ്യർത്ഥന നമ്പർ XI — ജില്ലാഭരണവും പലവകകളും

ധനാഭ്യർത്ഥന നമ്പർ XIV — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന നമ്പർ XVI — പെൻഷനും പലവകയും

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XLIII — നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും

ധനാഭ്യർത്ഥന നമ്പർ XLV — പലവക വായ്പകളും മുൻകൂറുകളും

ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2011 മാർച്ച് 31 വരെയുള്ള സമിതിയുടെ പീരിയോഡിക്കൽ റിപ്പോർട്ട് 29-8-2011-ലെ സമിതിയോഗം അംഗീകരിക്കുകയും 2011 ഒക്ടോബർ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൻമേലുള്ള സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-10-2011-ലെ സമിതി യോഗം അംഗീകരിക്കുകയും 2011 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)

ശുപാർശ

മദ്യ/ലഹരി വസ്തുക്കളുടെ ആളോഹരി ഉപഭോഗത്തിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനെന്നും ഈ രീതിയിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുകയാണെങ്കിൽ സമീപഭാവിയിൽ തന്നെ കേരളം മദ്യപന്മാരുടെ സംസ്ഥാനമായി മാറുമെന്നതിൽ സംശയം വേണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. അതിനാൽ മദ്യനിരോധനം, മദ്യാസക്തിക്കെതിരെയുള്ള പ്രചരണം എന്നിവയ്ക്ക് സർക്കാർ കൂടുതൽ പ്രാധാന്യം നൽകണമെന്നും വളർന്നുവരുന്ന പുത്തൻതലമുറയെ എങ്കിലും മദ്യപാനത്തിന്റെ പിടിയിൽ നിന്നും മോചിപ്പിക്കേണ്ടത് സർക്കാരിന്റെ കടമയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

മദ്യനിരോധനം നടപ്പാക്കുന്നതിനായി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. മദ്യാസക്തിക്കെതിരായ പ്രചരണത്തിന്റെ ഭാഗമായി പോസ്റ്റർ പ്രദർശനങ്ങൾ, തെരുവുനാടകം, കുട്ടികൾക്കായുള്ള പ്രബന്ധരചനാ മത്സരം, പ്രസംഗമത്സരം, റാലികൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 2009 വർഷത്തിൽ ഒക്ടോബർ 2 മുതൽ 31 വരെയുള്ള ഒരുമാസക്കാലം മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ മാസമായി ആചരിക്കുകയുണ്ടായി.

ലോകപ്രസിദ്ധ മാന്ത്രികനായ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള ട്രാവലിംഗ് മാജിക് തീയേറ്റർ ഗ്രൂപ്പ്, മദ്യ-മയക്കുമരുന്നുവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്ന ജാലവിദ്യാപരിപാടിയുമായി ഓരോ ജില്ലയിലും രണ്ടു കേന്ദ്രങ്ങളിൽ വീതം പ്രദർശനം നടത്തുകയുണ്ടായി. മദ്യ-ലഹരിവിരുദ്ധ സന്ദേശം പ്രമേയമാക്കിക്കൊണ്ട് ബോധവൽക്കരണത്തിനായി ഒരു ഡോക്യുഫിക്ഷനും എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ശുപാർശ

മദ്യനിരോധനം, മദ്യാസക്തിക്കെതിരെയുള്ള പ്രചരണം എന്നിവ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്നും ഇതിനായി നിശ്ചിത തുക എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ എക്സൈസ് ധനാഭ്യർത്ഥനയിൽ തുക വകയിരുത്തിയിട്ടില്ല.

ശുപാർശ

മദ്യാസക്തിക്കെതിരായ പ്രചരണത്തിനായി 2009-10 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരയിനത്തിൽ 5 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് മൂന്ന് മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എന്നിവർ മുഖേന സംസ്ഥാനത്തുടനീളം നടത്തുന്ന മദ്യാസക്തിക്കെതിരായ പ്രചരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും ഫലപ്രദവുമാക്കുന്നതിനായി ഈ ഇനത്തിൽ 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2039-00-001-96 ചാരായനിരോധനം നടപ്പാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട് എന്നയിനത്തിൽ 5 ലക്ഷം രൂപയും 2039-00-001-95 മദ്യാസക്തിക്കെതിരായ പ്രചരണം എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നു. ടി തുക മൂന്ന് മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും, പതിനാല് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ 96 ശീർഷകത്തിൽ നിന്നും 52,926 രൂപയും 95 ശീർഷകത്തിൽ നിന്നും 73,556 രൂപയും ചെലവഴിക്കാതെ വന്നിട്ടുണ്ട്. ശുപാർശ പ്രകാരം അധിക തുക 2009-10-ൽ അനുവദിച്ചിട്ടില്ല.

ശുപാർശ

കമ്മീഷണറേറ്റ്, അഡീഷണൽ എക്സൈസ് കമ്മീഷണറാഫീസ്, മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണറാഫീസുകൾ, സ്റ്റേറ്റ് എക്സൈസ് അക്കാഡമി, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറാഫീസുകൾ, സർക്കിൾ ആഫീസുകൾ എന്നിവിടങ്ങളിലെ ചെലവിനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന മേൽനോട്ടം എന്ന ശീർഷകത്തിൽ യാത്രാബത്ത കുടിശ്ശിക തീർക്കുന്നതിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയ്ക്കു പുറമെ 30.78 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2039-00-001-99 മേൽനോട്ടം എന്ന ശീർഷകത്തിൽ യാത്രാപ്പടി കുടിശ്ശിക തീർക്കുന്നതിലേക്ക് ബഹു. കമ്മിറ്റിയുടെ ശുപാർശ കണക്കിലെടുത്ത് 38 ലക്ഷം രൂപ 2010 മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം അധികമായി അനുവദിച്ചിരുന്നു. ടി തുക കുടിശ്ശിക തീർക്കുന്നതിലേക്ക് വിനിയോഗിച്ചു. ഇതുമൂലം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞു.

<u>ശുപാർശ</u>

രഹസ്യ സേവന ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 17 ലക്ഷം രൂപയും പി.ഒ.എൽ. കുടിശ്ശിക തീർക്കുന്നതിനും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 24.9 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2039-001-99-15 രഹസ്യസേവന ചെലവുകൾ എന്ന ശീർഷകത്തിൽ അധികതുക 2009-10-ൽ അനുവദിച്ചിട്ടില്ല. പി.ഒ.എൽ., വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്കും അധിക തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

റേഞ്ച് ഓഫീസുകൾ എന്ന ശീർഷകത്തിൽ യാത്രാബത്ത കുടിശ്ശിക തീർക്കുന്നതിനായി 42.66 ലക്ഷം രൂപയും വാടക, കരം, നികുതി എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിനായി 22.06 ലക്ഷം രൂപയും പി.ഒ.എൽ. കുടിശ്ശിക തീർക്കുന്നതിനും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി 31.52 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2039-00-001-98 റേഞ്ച് ഓഫീസുകൾ എന്ന ശീർഷകത്തിൽ യാത്രാപ്പടി കുടിശ്ശിക തീർക്കുന്നതിലേക്ക് ബഹു. സമിതിയുടെ ശുപാർശ കണക്കിലെടുത്ത് 50 ലക്ഷം രൂപയും പി.ഒ.എൽ. ഇനത്തിൽ 20 ലക്ഷം രൂപയും 2010 മാർച്ച് ഉപധനാഭ്യർത്ഥനയിൽ അധികമായി അനുവദിച്ചിരുന്നു. ടി തുകകൾ കുടിശ്ശിക തീർക്കുന്നതിലേക്കും പി.ഒ.എൽ. ആവശ്യത്തിനും ചെലവഴിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ എക്സൈസ് വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായും പഴയ കെട്ടിടങ്ങൾ പുതുക്കി പണിയൽ, പുതിയ ആയുധങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങൽ തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾക്കുമായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി നവീകരണ പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സർക്കാർ സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 2009-10-ൽ ഒരു കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നത്. അതിനുപുറമേ വാഹനങ്ങൾ വാങ്ങുന്നതിനായി 1,27,37,000 രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ആധുനീകരണത്തിന്റെ ഭാഗമായി ടി തുക ഉപയോഗിച്ച് 35 പുതിയ വാഹനങ്ങൾ വാങ്ങുകയും 110 പിസ്റ്റളുകൾ വാങ്ങുന്നതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും അധിക തുക 4059-01-051-94 സ്റ്റേറ്റ് എക്സൈസ് എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നത് പൊതുമരാമത്ത് വിഭാഗം ചീഫ് എഞ്ചിനീയറാണ്.

### ശുപാർശ

എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമമായി പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 10 കോടി രൂപ ഉൾപ്പെടെ ആകെ 17 കോടി രൂപ 2009-10 വർഷത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ കെട്ടിട നിർമ്മാണത്തിനായുള്ള 10 കോടി രൂപ 4059-01-051-94 എന്ന പൊതുമരാമത്തിന്റെ സ്റ്റേറ്റ് എക്സൈസ് ശീർഷകത്തിൽ വകയിരുത്തണമെന്നും മറ്റു നവീകരണ പ്രവർത്തനങ്ങൾക്കായി ബാക്കി 5 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

### സർക്കാർ സ്വീകരിച്ച നടപടി

2010 മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ 4059-01-051-94 എന്ന ശീർഷകത്തിൽ 1,21,18,000 രൂപ വകയിരുത്തിയിട്ടുണ്ട്.

### ശുപാർശ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ചാക്ക ഭാഗത്ത് സ്ഥിതി ചെയ്യുന്ന കേരള രാജീവ്ഗാന്ധി ഏവിയേഷൻ ട്രെയിനിംഗ് സെന്റർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ പണിയോടനുബന്ധിച്ച് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയും സംസ്ഥാന സർക്കാരും അനുവദിച്ചുനൽകിയ സ്ഥലത്തിൽ മാറ്റി സ്ഥാപിക്കുന്നതിനും അക്കാദമിയുടെ പുതിയ ഓഫീസും ഹാംഗറും പണിയുന്നതിനും 2008-09 വർഷത്തിൽ ഉപധനാഭ്യർത്ഥനവഴി അനുവദിച്ച 1 കോടി രൂപ തികച്ചും അപര്യാപ്തമാണ്. വർഷങ്ങളായി പ്രവർത്തനം മന്ദീഭവിച്ചുകിടന്ന ഈ സ്ഥാപനം സജീവമാക്കി മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3.30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

കേരള സർക്കാരിന്റെ കീഴിലുള്ള വൈമാനിക പരിശീലന സ്ഥാപനമായ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി തിരുവനന്തപുരം വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ പണിയോടനുബന്ധിച്ച് മാറ്റിസ്ഥാപിക്കുന്നതിനായി 2008-09-ൽ 1 കോടി രൂപ അനുവദിച്ചിരുന്നു. സാമ്പത്തിക പരിമിതിമൂലം കൂടുതൽ തുക വകയിരുത്താൻ സാധിച്ചിട്ടില്ല.

ശുപാർശ

പരിശീലന പറക്കൽ സുഗമമാക്കുന്നതിനും സമയബന്ധിതമായി കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പൂർത്തിയാക്കുന്നതിനും കൂടുതൽ പരിശീലന വിമാനങ്ങളും സിമുലേറ്ററുകളും ആവശ്യമായതിനാൽ 16 കോടി 80 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

അക്കാദമിക്കായി കൂടുതൽ പരിശീലന വിമാനങ്ങളും സിമുലേറ്ററുകളും വാങ്ങുന്നതിന് സാമ്പത്തിക പരിമിതിമൂലം ടി സാമ്പത്തിക വർഷം തുക വകയിരുത്താൻ സാധിച്ചിട്ടില്ല.

ശുപാർശ

2009-10-ലെ സംസ്ഥാന ബഡ്ജറ്റിൽ കെ.എസ്.എഫ്.ഇ.യുടെ അംഗീകൃത മൂലധനം 25 കോടി രൂപയിൽ നിന്നും 50 കോടി രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ വർദ്ധിപ്പിച്ച തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

28-8-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 222/10/നി.വ. പ്രകാരം കെ.എസ്.എഫ്.ഇ.യുടെ അംഗീകൃത മൂലധനം 25 കോടി രൂപയിൽ നിന്നും 50 കോടി രൂപയാക്കി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

ശുപാർശ

കറുപ്പ് ഉപയോഗിക്കുന്നതിന് നിയമപരമായി അനുവാദം ലഭിച്ചിട്ടുള്ളവർക്ക് വിതരണം ചെയ്യുന്നതിലേക്കായി കറുപ്പ് വാങ്ങി ട്രഷറികൾവഴി വിതരണം ചെയ്യുന്നതിനാണ് ഈ തുക ചെലവഴിക്കുന്നത്. കുറച്ചുകാലങ്ങളായി ടി തുക വിനിയോഗിക്കാറില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ തുകയൊന്നും വകയിരുത്തേണ്ടതില്ല എന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽസ് ഈ വകുപ്പിൽ നിന്നും നൽകിയിട്ടില്ല.

ശുപാർശ

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി അഞ്ച് റേഞ്ച് ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതായും ഈ ആവശ്യത്തിലേക്ക് 3 കോടി രൂപ അധികമായി വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി പത്ത് റേഞ്ച് ഓഫീസുകളുടെ [വെള്ളറട (തിരുവനന്തപുരം), തെന്മല (കൊല്ലം), രാജാക്കാട് (ഇടുക്കി), പീച്ചി (തൃശ്ശൂർ), കാവിലുംപാറ (കോഴിക്കോട്), ചെറുപുഴ (കണ്ണൂർ), പോരൂർ (മലപ്പുറം), കാട്ടിക്കുളം (വയനാട്), വെള്ളരിക്കുണ്ട് (കാസറഗോഡ്)] രൂപീകരണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

മദ്യാസക്തിക്കെതിരായ പ്രചാരണത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരയിനത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ മദ്യാസക്തിക്കെതിരായ പ്രചാരണപ്രവർത്തനങ്ങൾ കൂടുതൽ ശക്തവും ഫലപ്രദവുമാക്കുന്നതിനായി ഈ ഇനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന (എക്സൈസ്) പരിശോധിച്ച സബ്ജക്റ്റ് കമ്മിറ്റി 2039-00-001-95 മദ്യാസക്തിക്കെതിരായ പ്രചാരണത്തിനായി 2010-11 സാമ്പത്തികവർഷത്തിൽ പദ്ധതിയിതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്നും ശുപാർശ ചെയ്തിരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരയിനത്തിൽ അനുവദിച്ച 20 ലക്ഷം രൂപ വിവിധ ഡിവിഷൻ ഓഫീസുകളിലേക്കും സോണൽ ആഫീസുകളിലേക്കും വിതരണം ചെയ്യുകയുണ്ടായി. ഡിവിഷൻ ആഫീസുകളിൽ നിന്നോ സോണൽ ആഫീസുകളിൽ നിന്നോ കൂടുതൽ തുക ആവശ്യപ്പെടാത്തതിനാൽ ടി ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തുകയായിരുന്നു.

ശുപാർശ

രഹസ്യസേവന ചെലവുകൾക്ക് ബജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ള 3 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഇൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റിൽ രഹസ്യ ചെലവുകൾക്കായി അധികതുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽസ് സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും അതിൻപ്രകാരം 1 ലക്ഷം രൂപ 24-2-2011 തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 1356/11 ധനപുനർവിനിയോഗ ഉത്തരവിലൂടെ അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

തൃശ്ശൂർ എക്സൈസ് അക്കാദമിയുടെ പ്രവർത്തനം 2010-11 വർഷത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ആയതിന്റെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കായി 94 എന്ന ഉപശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

തൃശ്ശൂർ എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കായി പ്രൊപ്പോസൽ ലഭ്യമാക്കാൻ എക്സൈസ് അക്കാദമി പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

ട്രഷറികളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ധനകാര്യ വകുപ്പ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവയുമായി ട്രഷറി കമ്പ്യൂട്ടർ സംവിധാനം കൂട്ടിയോജിപ്പിക്കുന്നതിനായുള്ള കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം (CFMS), എ.ടി.എം. സംവിധാനം എന്നിവ ഉൾപ്പെടുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ടിനു (ITMP) ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതിക്കായി വകുപ്പ് ആവശ്യപ്പെട്ട 41.56 കോടി രൂപ പദ്ധതി ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

ട്രഷറി വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായുള്ള കോർ ബാങ്കിംഗ് സൊലൂഷൻ, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി എന്നിവയുടെ ആർ.എഫ്.പി. സ.ഉ.(സാധാ) നമ്പർ 6644/2011/ധന. തീയതി 27-8-2011 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്.

ശുപാർശ

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി 60 കോടി രൂപ പദ്ധതി ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി 2010-11 സാമ്പത്തിക വർഷം 60 കോടി രൂപ 4059-01-051-90-16 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

ശുപാർശ

കമ്പ്യൂട്ടർ/ഹാർഡ്‌വെയർ പരിഷ്ക്കരണ പദ്ധതി പ്രകാരം ഹൈ-എൻഡ് ഫേക്ക് നോട്ട് ഡിറ്റക്ടർ, പ്രിന്ററുകൾ, യു.പി.എസ്., കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിന് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രഷറി വകുപ്പിലെ കമ്പ്യൂട്ടർ/ഹാർഡ്‌വെയർ പരിഷ്കരണ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഐ.റ്റി. ഉപകരണങ്ങളും കൃത്യമായി പരിപാലിക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ഒന്നായതിനാൽ ഇതിനായി രൂപം കൊണ്ടിട്ടുള്ള ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന് 1.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

(ഖണ്ഡിക 13, 14)

ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം, ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം, അപ്ഗ്രഡേഷൻ മുതലായവയ്ക്കായി 2010-11 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ 2054-095-99-19 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ) നമ്പർ 8081/2010/ധന. തീയതി 8-11-2010 പ്രകാരം 8,18,95,000 രൂപ 2054-095-99-19 എന്ന ശീർഷകത്തിൽ അധിക ധനാനുമതി ആയി നൽകിയിട്ടുണ്ട്.

ശുപാർശ

ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർക്ക് 2010-11 സാമ്പത്തിക വർഷം അലവൻസ്, ബോണസ് എന്നിവ നൽകുന്നതിന് ഏകദേശം 120 കോടി രൂപ വേണ്ടി വരും. ഇതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് അലവൻസ്, ബോണസ് എന്നിവ നൽകുന്നതിനായി 2010-11 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച 70 കോടി രൂപയ്ക്കു പുറമേ 18-8-2010-ലെ സ.ഉ.(സാധാ) നമ്പർ 6337/2010/ധന. പ്രകാരം 10.49 കോടി രൂപയും 14-12-2010-ലെ സ.ഉ.(സാധാ) നമ്പർ 8983/2010/ധന. പ്രകാരം 25.20 കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. ഈ 35.69 കോടി രൂപ 2011 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥന പ്രകാരം ക്രമീകരിക്കുകയും, ഇതേ ആവശ്യത്തിനായി 27.55 കോടി രൂപ കൂടി അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട് (പേജ് 15, ഉപധനാഭ്യർത്ഥന ഫെബ്രുവരി 2011). ഇപ്രകാരം, ബജറ്റിൽ അനുവദിച്ച തുകയ്ക്കു പുറമേ ആകെ 63.24 കോടി രൂപ അധികമായി 2010-11 സാമ്പത്തിക വർഷം "2047-00-103-93 Incentives to Agents individuals and Institutions" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ തുക കെട്ടിവയ്ക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. വിധികടം യഥാസമയം കൊടുക്കാൻ കഴിയാത്തതിനാൽ പലിശയിനത്തിൽ സർക്കാരിന് ഭാരിച്ച സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ കൊടുത്തുതീർക്കുന്നതിനുള്ള തുക നൽകുന്നതിനായി 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ തുക കെട്ടിവയ്ക്കുന്നതിന് 2075-800-54 എന്ന ശീർഷകത്തിൽ 9 കോടി രൂപയാണ് 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് 2 കോടി രൂപ കൂടി ധനകാര്യ വകുപ്പ് അധികമായി അനുവദിച്ചു നൽകി. പ്രസ്തുത തുക മുഴുവൻ വിവിധ എൽ.എ.ആർ. കേസുകൾക്കായി കളക്ടർമാർക്ക് അനുവദിച്ചു നൽകിയെങ്കിലും 6 എൽ.എ.ആർ. കേസുകളിൽ അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമായതിനാൽ 72,94,808 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

ശുപാർശ

പൈലറ്റ് പരിശീലനം നൽകുന്ന കേരളത്തിന്റെ ഏക സർക്കാർ സ്ഥാപനമായ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം വളരെ നല്ലരീതിയിൽ പുരോഗമിച്ചുവരുന്നതായി സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ എയർപോർട്ടിനകത്ത് വള്ളക്കടവ് ഭാഗത്ത് സർക്കാർ അനുവദിച്ച ഭൂമിയിൽ അക്കാദമിയുടെ കെട്ടിടവും ഹാംഗറും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ 3.30 കോടി രൂപ അനുവദിച്ചു നൽക ണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

കേരള സർക്കാരിന്റെ കീഴിലുള്ള വൈമാനിക പരിശീലന സ്ഥാപനമായ ആർ.ജി.എ.എ.റ്റി.ക്ക് തിരുവനന്തപുരം വിമാനത്താവളത്തിനകത്ത് സർക്കാർ അനുവദിച്ച 2.71 ഏക്കർ സ്ഥലത്ത് പുതിയ കെട്ടിടവും ഹാംഗറും നിർമ്മിക്കുന്നതിന് 2008-09-ൽ 3 കോടി രൂപ അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം ഇതിനായി ആവശ്യപ്പെട്ട അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

ശുപാർശ

അക്കാദമിയുടെ പ്രവർത്തനം പുരോഗമിക്കുന്നതിന്റെ ഭാഗമായി പുതിയ വിമാനങ്ങളും സിമുലേറ്ററുകളും വാങ്ങേണ്ടതുണ്ട്. ഈ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ഭീമമായ തുക ആവശ്യമായി വരുമെന്നതിനാൽ ഇതിലേക്കായി അക്കാദമി സ്വന്തം നിലയിൽ സർക്കാർ ഗ്യാരന്റിയോടുകൂടി വായ്പയെടുക്കണമെന്നും അക്കാദമിക്ക് ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽനിന്നും ഇതിന്റെ പലിശ അടയ്ക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ വിമാനങ്ങളും സിമുലേറ്ററും വാങ്ങുന്നതിന് സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശപ്രകാരം സർക്കാർ ഗ്യാരന്റി യിൽ തുകയെടുത്താൽ അതിനുള്ള പലിശ അടയ്ക്കാൻ അക്കാദമിക്ക് കഴിയുകയില്ലെന്ന തിനാൽ സർക്കാർ, തുക അനുവദിക്കണമെന്ന് അക്കാദമി ആവശ്യപ്പെടുകയുണ്ടായി. തുക വകയിരുത്തുന്നതിനും സാമ്പത്തികപരിമിതിമൂലം സർക്കാരിന് കഴിഞ്ഞില്ല.

ശുപാർശ

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളുടെ രൂപീകരണത്തിനും പദ്ധതി നടത്തിപ്പിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, തരം തിരിക്കൽ, വിശകലനം എന്നീ ജോലികൾ നിർവ്വഹിക്കുന്ന നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് കേരളത്തിൽനിന്നും കുടിയേറിപ്പാർത്തവരും,

തിരിച്ചുവന്നവരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംസ്ഥാനത്തിന് അവർ നൽകിയ സംഭാവനകൾ എന്നിവയെക്കുറിച്ച് പഠിക്കുന്നതിനും സർവ്വെ നടത്തുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിലേക്കായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിൽനിന്നും കുടിയേറിപ്പാർത്തവരും തിരിച്ചുവന്നവരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സംസ്ഥാനത്തിന് അവർ നൽകിയ സംഭാവനകൾ എന്നിവയെക്കുറിച്ച് 20 ലക്ഷം രൂപ ചെലവിൽ 2010-11-ൽ ഒരു അഡ് ഹോക്ക് സർവ്വേ നടത്തുന്നതിന് ഭരണാനുമതി നൽകി. 19-10-2010-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർവ്വേയ്ക്ക് 2010-2011 സാമ്പത്തികവർഷം അനുവദിച്ച 10 ലക്ഷം രൂപ 2011 മാർച്ച് 31നകം ചെലവഴിച്ച് വിവരശേഖരണം നടത്തുകയുണ്ടായി. സർവ്വെയുടെ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് 2011-12 സാമ്പത്തികവർഷം 6 ലക്ഷം രൂപ കൂടി ആവശ്യമാണെന്ന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 11-8-2011-ലെ സ.ഉ.(സാ) 250/11/Plg. പ്രകാരം 6 ലക്ഷം രൂപ കൂടി പ്രസ്തുത സർവ്വെയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി V-ൽ നിന്നും കൈമാറി ലഭിച്ച ധനാഭ്യർത്ഥന നമ്പർ VII മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച ശുപാർശകൾ.

## 1. സബ്ജക്ട് കമ്മിറ്റി V-ന്റെ 21-3-2002-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ

1998-99 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ 16-ാം ഖണ്ഡികയിലെ ശുപാർശയ്ക്കു ലഭിച്ച മറുപടി സമിതി അംഗീകരിക്കുകയും രജിസ്ട്രേഷൻ വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുവേണ്ടി കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

സർക്കാർ സ്വീകരിച്ച നടപടി

1998-99-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ 16-ാം ഖണ്ഡികയിലെ ശുപാർശ പ്രകാരം രജിസ്ട്രേഷൻ വകുപ്പിന് കമ്പ്യൂട്ടറൈസേഷന് കൂടുതൽ ഫണ്ട് സർക്കാർ അനുവദിക്കുകയും കമ്പ്യൂട്ടറൈസേഷൻ ഇപ്പോൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## 2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

ശുപാർശ

2030-02-101-സ്റ്റാമ്പിന്റെ വില നാസിക്കിലെയും ഹൈദരാബാദിലെയും കേന്ദ്ര സർക്കാർ പ്രസ്സുകളിൽനിന്നും മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും അച്ചടിച്ചു കിട്ടുന്നതിനുള്ള

ചെലവുകൾ മാത്രമാണ് ഈ ഹെഡ്ഡുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സെക്യൂരിറ്റി പ്രസ്സുകളുടെ ബില്ലുകൾ കൊടുത്തുതീർക്കുവാൻ വേണ്ടിയാണ് ഈ ഇനത്തിലുള്ള തുക ഉപയോഗിക്കുന്നത്. സെക്യൂരിറ്റി പ്രസ്സുകളിൽ നിന്നുള്ള കുടിശ്ശിക ബില്ലുകൾ തീർക്കുന്നതിന് 2.5 കോടി രൂപ കൂടി അധികമായി ആവശ്യമായതിനാൽ അത് അനുവദിക്കണമെന്ന് 2002-03-ലെ സമിതിയുടെ രണ്ടാമത് റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ തുകയൊന്നും അനുവദിക്കാത്തതിനാൽ പ്രസ്തുത തുക ഇപ്പോഴും കുടിശ്ശികയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ രണ്ടര കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന സമിതിയുടെ ടി ശുപാർശ സമിതി ആവർത്തിക്കുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി V-ന്റെ 2003-04-ലെ 3-ാം റിപ്പോർട്ടിലെ ഖണ്ഡിക 11 പ്രകാരം 2.5 കോടി രൂപ സെക്യൂരിറ്റി പ്രസ്സുകളിൽ നിന്നുള്ള കുടിശ്ശിക ബിൽ തീർക്കുന്നതിന് അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ 2030-01-101-99 (ജുഡീഷ്യൽ) ശീർഷകത്തിൽ 3 കോടി രൂപയും 2030-02-101-99 (നോൺ ജുഡീഷ്യൽ) ശീർഷകത്തിൽ 15 കോടി രൂപയും വകയിരുത്തിയതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം 2010-11 സാമ്പത്തിക വർഷം കുടിശ്ശിക തീർക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുള്ളതിനാൽ സമിതിയുടെ ശുപാർശ പ്രകാരം 2.5 കോടി രൂപ അധികമായി അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

## 3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

ശുപാർശ

രജിസ്ട്രേഷൻ വകുപ്പിലെ 310 സബ് രജിസ്ട്രാർ ഓഫീസുകളിലും 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളും 4 സോണൽ ഓഫീസുകളും ഉൾപ്പെടെ 327 ഓഫീസുകളിലെ കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിലേക്കായി 40,00,000 രൂപ നടപ്പു സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ടെങ്കിലും ഇത് തീരെ അപര്യാപ്തമായതിനാൽ ഈ കണക്കിനത്തിൽ 40,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യത്തിലേക്കായി 60,00,000 രൂപ കൂടുതലായി അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

ശുപാർശ

രജിസ്ട്രേഷൻ വകുപ്പിൽ കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകയിരുത്തിയിരിക്കുന്നു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ ജീപ്പ് കണ്ടം ചെയ്തുപോയതിനാൽ പുതിയ വാഹനം ആവശ്യമാണ്. കൂടാതെ ഇടുക്കി ജില്ലാ രജിസ്ട്രാറുടെ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവയ്ക്ക് അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് 2 പുതിയ വാഹനം വാങ്ങുന്നതിലേക്കായി ഉചിതമാർഗ്ഗേണ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആഫീസിലെ ജീപ്പ് കണ്ടം ചെയ്തതിനു പകരമായി പുതിയ വാഹനം വാങ്ങുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അവസാനം തന്നെ അഡീഷണൽ ആതറൈസേഷൻ മുഖേന ഫണ്ട് വകയിരുത്തി പുതിയ വാഹനം വാങ്ങുകയുണ്ടായി. ഇടുക്കി ജില്ലാ രജിസ്ട്രാർ ഓഫീസിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായി നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. 20-8-2010-ലെ സ.ഉ.(സാ) നമ്പർ 709/10/നിവ പ്രകാരം ഒരു മഹീന്ദ്ര ബൊലിറോ വാഹനം വാങ്ങാൻ ആവശ്യമായ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്.

ശുപാർശ

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുവാനുള്ള ഉത്തരവിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈയിനത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5,50,000 രൂപ അപര്യാപ്തമായതിനാൽ ടി സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഈ കണക്കിനത്തിൽ കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക അനുവദിക്കുന്ന വിഷയത്തിൽ ചില വിശദാംശങ്ങൾ രജിസ്ട്രേഷൻ ഐ.ജി.യിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ഇക്കാര്യത്തിലാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

ജില്ലാ രജിസ്ട്രാർക്ക് അവരവരുടെ അധീനതയിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ നിരന്തര സന്ദർശനം ആവശ്യമായതിനാൽ, ഈയിനത്തിൽ നടപ്പുസാമ്പത്തിക വർഷം അനുവദിച്ച 3,20,000 രൂപ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. POL ഇനത്തിൽ കൂടുതൽ തുക ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ഫണ്ട് തീരുന്ന മുറയ്ക്ക് കൂടുതൽ ഫണ്ടിനായുള്ള നിർദ്ദേശം സമർപ്പിക്കുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതു ശുപാർശ

രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും 20 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക രജിസ്ട്രേഷൻ വകുപ്പിന്റെ ശീർഷകങ്ങളിൽ വകയിരുത്തിയതായി കാണുന്നില്ല. സംസ്ഥാന ഖജനാവിലേക്ക് ഗണ്യമായ തുക സംഭാവന ചെയ്യുന്ന വകുപ്പ് എന്ന നിലയിൽ രജിസ്ട്രേഷൻ ഓഫീസുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, പാലക്കാട് ജില്ലയിലെ തൃത്താല എന്നീ രജിസ്ട്രേഷൻ ഓഫീസുകൾ ഉൾപ്പെടെ 100 വർഷത്തോളം പഴക്കമുള്ള രജിസ്ട്രേഷൻ ഓഫീസുകൾ അടിയന്തിരമായി പുതുക്കിപ്പണിയേണ്ടത് അത്യന്താപേക്ഷിതമാകയാൽ മേൽ സൂചിപ്പിച്ച 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യത്തിനായി ഉപധനാഭ്യർത്ഥന മുഖേന ഇതിനകം 4 കോടി രൂപ 2030-03-001-90 (പ്ലാൻ) എന്ന പുതിയ ശീർഷകം ആരംഭിച്ച് അതിൽ വകയിരുത്തിയിട്ടുണ്ട്.

**ഭാഗം 2**

(എ) ബില്ലുകളുടെ പരിശോധന

1. 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ 30-6-2011-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. The Kerala Finance Bill, 2011, 24-10-2011-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

3. 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ 27-10-2011-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ബി) ചട്ടങ്ങളുടെ പരിശോധന (24-10-2011-ലെ യോഗനടപടിക്കുറിപ്പിനെ അടിസ്ഥാനമാക്കിയുള്ളവ)

സമിതി താഴെപ്പറയുന്ന കരടുചട്ടങ്ങൾ ചില ഭേദഗതികളോടെ അംഗീകരിച്ചു :

1. ദി കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2011.

2. ദി കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2011.

3. ദി ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) റൂൾസ്, 2011.

സമിതി താഴെപ്പറയുന്ന കരടുചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു :

4. ദി ട്രഷറി (അമെന്റ്മെന്റ്) റൂൾസ് 2011.

(സി) എസ്.ആർ.ഒ.കളുടെ സാധൂകരണം

11-1-2010-ലെ സമിതിയോഗം നിർദ്ദേശിച്ചപ്രകാരം താഴെപ്പറയുന്ന ഗസറ്റ് വിജ്ഞാപനങ്ങൾക്കുള്ള ശുദ്ധിപത്രങ്ങളായി പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനങ്ങൾ ഉൾപ്പെടെ സമിതി സാധൂകരണം നൽകി :

1. ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2008.

S.R.O. No. 500/2008, G.O.(P) No. 101/08/TD dated 20-5-2008

2. ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (തേർഡ് അമെന്റ്മെന്റ്) റൂൾസ്, 2008.

S.R.O. No. 759/2008, G.O.(P) No. 146/08/TD dated 15-7-2008

ശുദ്ധിപത്രങ്ങൾ

(എ) S.R.O. No. 794/2010, G.O.(P) No. 205/10/TD dated 10-8-2010

(ബി) S.R.O. No. 795/2010, G.O.(P) No. 204/10/TD dated 10-8-2010

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നികുതി, ധനകാര്യം എന്നീ വകുപ്പുകൾ സമർപ്പിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത എസ്.ആർ.ഒ.കൾക്ക് ഭേദഗതികളില്ലാതെ സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(എ) ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ്, 2002.

(i) S.R.O. No. 211/2009, G.O.(P) No. 35/09/TD dated 3-3-2009

(ii) S.R.O. No. 212/2009, G.O.(P) No. 36/09/TD dated 4-3-2009

(iii) S.R.O. No. 213/2009, G.O.(P) No. 37/09/TD dated 4-3-2009

(iv) S.R.O. No. 216/2009, G.O.(P) No. 41/09/TD dated 4-3-2009

(ബി) ദി ട്രീ ടാക്സ് (അമെന്റ്മെന്റ്) റൂൾസ്, 2009.

(v) S.R.O. No. 233/2009, G.O.(P) No. 46/09/TD dated 12-3-2009

(സി) ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2009

(vi) S.R.O. No. 504/2009, G.O.(P) No. 103/09/TD dated 16-6-2009

(ഡി) ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, 2002

(vii) S.R.O. No. 505/2009, G.O.(P) No. 104/09/TD dated 16-6-2009

(ഇ) ദി ഫോറിൻ ലിക്വർ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2009

(viii) S.R.O. No. 657/2009, G.O.(P) No. 140/09/TD dated 31-7-2009

(എഫ്) ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2009

(ix) S.R.O. No. 1094/2009, G.O.(P) No. 233/09/TD dated 22-12-2009.

(ജി) ദി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (അമെന്റ്മെന്റ്) സ്കീം, 2010.

(x) S.R.O. No. 4/2011, G.O.(P) No. 677/10/Fin. dated 10-12-2010.

കെ. എം. മാണി,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
9-5-2012.

473/2012.

## അനുബന്ധം

## 30-6-2011-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ഒരു യോഗം 2011 ജൂൺ 30 വ്യാഴാഴ്ച ഉച്ചയ്ക്ക് 12.50 ന് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെ പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. വി. ചെന്താമരാക്ഷൻ എം. എൽ. എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ ,,
3. ശ്രീ. മുല്ലക്കര രത്നാകരൻ ,,
4. പ്രൊഫ. സി. രവീന്ദ്രനാഥ് ,,
5. ഡോ. ടി. എം. തോമസ് ഐസക് ,,
6. ശ്രീ. എം. പി. വിൻസെന്റ്. ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ആർ. രാധാകൃഷ്ണൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. പി. ജോയി, സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. സുമൻ ബില്ല, കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് കൊമേഴ്സ്യൽ ടാക്സസ്
3. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ടി. എം. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ, ലോട്ടറീസ് ഡിപ്പാർട്ട്മെന്റ്
5. ശ്രീമതി ജി. തെരേസ, അഡീഷണൽ ഡയറക്ടർ, ലോട്ടറീസ് ഡിപ്പാർട്ട്മെന്റ്.

സമിതി 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പരിഗണിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

പേപ്പർ ലോട്ടറികളുടെ സാധാരണ നറുക്കെടുപ്പുകൾക്ക് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന 25 ലക്ഷം രൂപയ്ക്കുപകരം 50 ലക്ഷം രൂപയായും ബംബർ നറുക്കെടുപ്പുകൾക്ക് 50 ലക്ഷം രൂപയ്ക്കുപകരം ഒരു കോടി രൂപയായും നികുതി ഉയർത്തണമെന്നും

ബില്ലിലെ 3-ാം വകുപ്പുപ്രകാരമുള്ള നിബന്ധനകൾ സർക്കാരിനുവേണ്ടി ലോട്ടറി നടത്തുന്ന പ്രൊമോട്ടർമാർക്ക് മാത്രമല്ല സർക്കാരുകൾ നേരിട്ട് നടത്തിയാലും ബാധകമാക്കിക്കൊണ്ട് ഭേദഗതി ചെയ്യണമെന്നുമുള്ള സമിതി അംഗത്തിന്റെ അഭിപ്രായം പരിശോധിക്കുന്നതാണെന്ന് സമിതി ചെയർമാൻ അറിയിച്ചു.

തുടർന്ന് 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ ഭേദഗതികളില്ലാതെ സമിതി അംഗീകരിച്ചു.

സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, കോവൂർ കുഞ്ഞുമോൻ, മുല്ലക്കര രത്നാകരൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ഡോ. ടി. എം. തോമസ് ഐസക് എന്നീ അംഗങ്ങൾ ബില്ലിലെ വ്യവസ്ഥകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 1.20-ന് അവസാനിച്ചു.

## 9-8-2011-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2011 ആഗസ്റ്റ് 9 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്, പ്രത്യേക ക്ഷണിതാക്കളായ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു ;

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി എം. എൽ. എ.
2. ശ്രീ. വി. ചെന്താമരാക്ഷൻ ,,
3. ശ്രീ. കോവൂർ കുഞ്ഞുമോൻ ,,
4. ശ്രീ. മുല്ലക്കര രത്നാകരൻ ,,
5. പ്രൊഫ. സി. രവീന്ദ്രനാഥ് ,,
6. ശ്രീ. വി. ഡി. സതീശൻ. ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
2. ശ്രീ. എ. കെ. ദുബെ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീ. എസ്. ബേസ്വാ, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. ശ്രീ. വി. പി. ജോയി, സെക്രട്ടറി, നികുതിവകുപ്പ്
5. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
6. ശ്രീ. പ്രസാദ് കുമാർ, സെക്രട്ടറി, ഊർജ്ജ വകുപ്പ്

7. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ഗതാഗത വകുപ്പ്
8. ശ്രീ. കെ. അജിത് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
11. ശ്രീ. സുബാഷ് ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. ജി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (എസ്.സി. & എസ്.എസ്.) വകുപ്പ്
13. ശ്രീ. കെ. ആർ. വിവേകാനന്ദ്, ഐ. ജി. രജിസ്ട്രേഷൻ വകുപ്പ്
14. ശ്രീ. എസ്. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
15. ശ്രീ. തങ്കച്ചൻ വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി, കെ.എസ്.ഐ.ഡി.സി.
16. ശ്രീ. ജി. ശിവപ്രസാദ്, ജോയിന്റ് സെക്രട്ടറി, ജി. എ. ഡി.
17. ശ്രീ. വി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ടാക്സസ് ഡിപ്പാർട്ട്മെന്റ
18. ശ്രീ. അനിൽ, എക്സൈസ് കമ്മീഷണർ, എക്സൈസ് ഡിപ്പാർട്ടുമെന്റ്
19. ശ്രീ. സുമൻ ബില്ല, കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്
20. ശ്രീ. വി. മുരുകേഷ്കുമാർ, രജിസ്ട്രാർ, ജി. ഐ. എഫ്. ടി.
21. ശ്രീ. ആർ. കെ. ശ്രീകുമാരൻ, ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് ഡിപ്പാർട്ട്മെന്റ്
22. ശ്രീ. വി. തുളസീദാസ്, എക്സിക്യൂട്ടീവ് ചെയർമാൻ, രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
23. ശ്രീ. ടി. ഭാസി, ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
24. ശ്രീ. ഡി. വിജയകുമാരി, ഡയറക്ടർ (ഇൻ-ചാർജ്), ട്രഷറി ഡിപ്പാർട്ട്മെന്റ്
25. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്
26. ശ്രീമതി ജി. തെരേസ, അഡീഷണൽ ഡയറക്ടർ, ലോട്ടറീസ് ഡിപ്പാർട്ട്മെന്റ്
27. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനിക് വെൽഫെയർ ഡിപ്പാർട്ട്മെന്റ്
28. ശ്രീമതി ഇ. ബേബി, അഡീഷണൽ ഡയറക്ടർ, ഡി. ഇ. എസ്.
29. ശ്രീ. ടി. കെ. രമേഷ് ബാബു, ചീഫ് എഞ്ചിനീയർ, രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
30. ശ്രീ. കെ. ജെ. ജോസഫ്, അസിസ്റ്റന്റ് പ്രോട്ടോക്കോൾ ഓഫീസർ.

സമിതി 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥന നമ്പർ V (കാർഷികാദായനികുതിയും വിൽപ്പന നികുതിയും), X (ട്രഷറികളും അക്കൗണ്ടുകളും), XI (ജില്ലാഭരണവും പലവകയും), XIV (സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും), XVI (പെൻഷനും പലവകയും), XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XLV (പലവക വായ്പ കളും മുൻകൂറുകളും), VII (മുദ്രപ്പത്രങ്ങളും രജിസ്ട്രഷനും), VIII (എക്സൈസ്) എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും താഴെ പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെ ടുത്താൻ തീരുമാനിക്കുകയും ചെയ്തു :

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറി കളിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡും ഇന്ത്യൻ സ്റ്റാൻഡേർഡ് ബോർഡും നിഷ്കർഷിച്ചിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 130 ലക്ഷം രൂപ യാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. മേൽപ്പറഞ്ഞ നിലവാരത്തിൽ ലബോറട്ടറി നവീകരിക്കുന്നതിലേക്കായി 270 ലക്ഷം രൂപ അധികമായി ആവശ്യമായതി നാലും മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ ഇല്ലാത്ത 5 ജില്ലകളിൽ കൂടി ലബോറട്ടറികൾ സ്ഥാപിക്കുന്നതിന്, ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപ നിരക്കിൽ 2 കോടി രൂപ ആവശ്യമായതിനാലും ബജറ്റ് വിഹിതത്തിനുപുറമേ 330 ലക്ഷം രൂപ അധികമായി 2810-00-800-94 'മീറ്ററിന്റെ നിലവാരം പരിശോധിക്കുന്ന ലബോറട്ടറി ആധുനീകരിക്കൽ' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

എക്സൈസ് വകുപ്പിനെ സംബന്ധിക്കുന്ന കുറിപ്പിന്റെ അവസാന ഖണ്ഡികയിൽ മദ്യ-മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2011-12-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 2 കോടി രൂപയായി ഉയർത്തിയ തുക അഡീഷണൽ ഓതറൈസേഷൻവഴി അനുവദിക്കണമെന്ന് സൂചിപ്പിച്ചിട്ടുള്ളത് തെറ്റാണെന്നും അത് തിരുത്തണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

എക്സൈസ് വകുപ്പ് നവീകരണത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ, ആയുധസാമഗ്രികൾ, സെക്യൂരിറ്റി ചെസ്റ്റുകൾ എന്നിവ വാങ്ങുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 9 ജില്ലകളിൽ വയർലസ് സിസ്റ്റം പുനഃസ്ഥാപിക്കുക, വാണിജ്യ നികുതി വകുപ്പുമായി സഹകരിച്ച് ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തുക, കുട്ടനാട് റേഞ്ചിൽ സ്റ്റീൽ ബോട്ടുകൾ വാങ്ങുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായ തിനാൽ 167 ലക്ഷം രൂപ 2039-00-001-94 'എക്സൈസ് വകുപ്പിന്റെ നവീകരണം' എന്ന ശീർഷകത്തിൽ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

എക്സൈസ് വകുപ്പിലെ വാഹനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി '2039-00-001-99-21-1 വാഹനം വാങ്ങൽ' എന്ന ശീർഷകത്തിൽ ടോക്കൺ വിഹിതം അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി '2039-00-001-99-15-മേൽനോട്ടം-രഹസ്യസേവന ചെലവുകൾ' എന്ന ശീർഷകത്തിൽ

ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്കുപുറമെ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

അബ്കാരി കുടിശ്ശിക ഇനത്തിൽ ഇനിയും കൂടുതൽ തുക പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ട്. ആയതിനാൽ കുടിശ്ശിക അടയ്ക്കുന്നത് ത്വരിതപ്പെടുത്തുന്നതിനായി 2008-ൽ ആരംഭിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി ആറുമാസത്തേക്കുകൂടി നിലനിർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

13 സ്ഥലങ്ങളിൽ എക്സൈസിന്റെ പുതിയ ഓഫീസ് സമുച്ചയങ്ങൾ പണിയുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിനും ആധുനികവൽക്കരണത്തിനുമായി 50 ലക്ഷം രൂപ നിരക്കിൽ 7.5 കോടി രൂപ '4059-01-051-94 സ്റ്റേറ്റ് എക്സൈസ്' എന്ന ശീർഷകത്തിൽ അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു.

മദ്യ-മയക്കുമരുന്നു വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്നും, ആയതിനാൽ '2039-00-001-95 മദ്യാസക്തിക്കെതിരായ പ്രചരണം' എന്ന ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

ചെക്ക്പോസ്റ്റുകളിലെ ചെലവ് അധികരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇവയുടെ നവീകരണം, വാളയാർ മിഷൻ, അമരവിള ചെക്ക്പോസ്റ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിലേതിനെക്കാൾ തുക ചെലവഴിക്കേണ്ടിവരുമെന്നതിനാലും കുടുംബശ്രീ വിഹിതം കൊടുത്തു തീർക്കേണ്ടതിനാലും '2040-00-101-97-34 വാണിജ്യ നികുതി ഓഫീസുകൾ-മറ്റു ചെലവുകൾ' എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്കുപുറമേ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു.

ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരുടെ വേതനം 250 രൂപയിൽ നിന്നും 350 രൂപയായി ഉയർത്തിയിട്ടുള്ളതിനാൽ ഇതു മുഖേനയുണ്ടാകുന്ന അധിക ചെലവുകൾക്കായി 100 ലക്ഷം രൂപ '2040-00-101-97-02 വേതനം' എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു.

വാണിജ്യ നികുതി ഓഫീസുകളിലെ രഹസ്യ സേവന ചെലവുകൾക്കായി 2011-2012 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ '2040-00-101-97-15 രഹസ്യ സേവനച്ചെലവുകൾ' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള ചെലവ് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താത്തതിനാൽ പൊതു ശീർഷകത്തിൽ നിന്നുമാണ് തുക വകകൊള്ളിക്കുന്നതെന്നും ആയതിനാൽ പലപ്പോഴും ഈ ആവശ്യത്തിലേക്ക് മതിയായ തുകയില്ലാത്തതുകൊണ്ട് നടപടിക്രമങ്ങൾ രണ്ടുവർഷത്തിനുശേഷം പുനരാരംഭിക്കേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും ഇക്കാരണത്താൽ വളരെയധികം സമയനഷ്ടം വന്നിട്ടുണ്ടെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വെളിപ്പെടുത്തി.

പല വികസന പദ്ധതികളും നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് നേരിടുന്ന കാലതാമസംമൂലമാണെന്നും തലമുറകളായി ഒരേസ്ഥലത്ത് താമസിക്കുന്ന ജനങ്ങളോട് ഒഴിഞ്ഞുപോകാൻ പറയുമ്പോൾ അവർക്ക് അർഹമായ നീതി ലഭിക്കേണ്ടതാണെന്നും പുതിയ തലമുറ ഇതിനെക്കുറിച്ച് ബോധവാൻമാരാണെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. ആയതിനാൽ അതാതു പ്രദേശത്തെ നിലവിലുള്ള മാർക്കറ്റ് റേറ്റു തന്നെ നൽകുന്നതാണ് ഭൂമി ഏറ്റെടുക്കൽ സുഗമമായി നടത്തുന്നതിന് ഏകമാർഗ്ഗമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുന്നതിലേക്ക് 2011-12 വർഷത്തിൽ 10 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ലാന്റ് അക്വിസിഷനുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ നിബന്ധനകളുടെ അടിസ്ഥാനത്തിലും ഈ ഇനത്തിൽ വൻതുക ചെലവു വരുമെന്നതിനാൽ 205 കോടി രൂപ '2075-00-800-54' എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട ചർച്ചയിൽ 2010-11-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം ആഴ്ചയിൽ എല്ലാ ദിവസവും നറുക്കെടുപ്പ് എന്നതാണെന്നും ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനം കമ്മീഷൻ കഴിച്ച് 120 കോടി രൂപയേ ഉള്ളൂ എങ്കിലും 2 1/2 ലക്ഷം വരുന്ന ലോട്ടറി ഏജന്റുമാരെ സംരക്ഷിക്കുന്നതിനാണ് ലോട്ടറി വകുപ്പ് നിലനിർത്തിയിരിക്കുന്നതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

കേരള ഗവൺമെന്റിന്റെ ലോട്ടറികളുടെ എണ്ണം കൂട്ടുക എന്നുള്ളത് ന്യായമായ കാര്യമാണെങ്കിലും ദൈനംദിന ലോട്ടറികളുടെ പ്രായോഗികതയെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും ഇത് സ്വാഭാവികമായി ബാധിക്കുന്നത് പാവപ്പെട്ട ജനങ്ങളെയാണെന്നും ഒരുപാട് കുടുംബങ്ങളുടെ വരുമാനത്തെ ഇല്ലായ്മ ചെയ്യുന്ന രീതിയിലുള്ള അഡിക്ഷൻ ലെവലിലേക്ക് ഇത് എത്തിച്ചേരുമെന്നും സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു. ആയതിനാൽ ഞായറാഴ്ച അവധി നൽകിക്കൊണ്ട് ഒന്നിടവിട്ട് 3 ദിവസങ്ങളിൽ മാത്രം ലോട്ടറി നടത്തുക എന്നുള്ളത് അഭികാമ്യമായ കാര്യമാണന്നും ഇത് ദൈനംദിന ലോട്ടറി എന്ന വിഷയം പ്രാബല്യത്തിൽ വരുന്ന സാഹചര്യത്തിൽ പരിഗണിക്കേണ്ടതാണെന്നും സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

തുടർന്ന് കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസ് ഉൾപ്പെടെയുള്ള പെൻഷൻ കഴിഞ്ഞവർഷം 30 ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി എന്നും വർദ്ധിപ്പിച്ച നിരക്ക് അനുവദിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നതിനാൽ '2075-00-800-88' കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ' എന്ന ശീർഷകത്തിൽ 3,17,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ എന്നിവയിൽ 30 ശതമാനം വർദ്ധനവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ '2075-00-800-89 തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ' എന്ന ശീർഷകത്തിൽ 8,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേന്ദ്രസർക്കാർ റബ്ബർ ഒരു കാർഷിക വിളയായി അംഗീകരിച്ചിട്ടില്ല എന്നും നൂറു ശതമാനം കേന്ദ്രപദ്ധതിയായ കാർഷിക സെൻസസ് എടുക്കുമ്പോൾ റബ്ബറിനെ ഉൾപ്പെടുത്തുകയില്ലെന്നും അതിനാൽ കാർഷിക സെൻസസ് എടുക്കുമ്പോൾ റബ്ബർ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ കാർഷിക വിളകളും മൊത്തം ഭൂപ്രദേശവും ഉൾപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണമെന്നും റബ്ബർ ഒരു കാർഷികവിളയായി അംഗീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയിൽ ഹാജരായ ഉദ്യോഗസ്ഥർ യോഗം കഴിയുന്നതിനുമുമ്പ് പോകുന്നതിൽ സമിതി അംഗങ്ങൾ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും യോഗത്തിന്റെ പരിഗണനയ്ക്കുള്ള കുറിപ്പിലെ ക്രമനമ്പർ അനുസരിച്ച് വിഷയങ്ങൾ പരിഗണനയ്ക്ക് എടുക്കാതെ പലർക്കും താല്പര്യമുള്ള വിഷയങ്ങൾ ക്രമംതെറ്റി ഉന്നയിക്കുകയും ചെയ്യുന്ന രീതി ആശയക്കുഴപ്പം സൃഷ്ടിക്കുന്നതായും അതിനാൽ ഇത് ഒഴിവാക്കണമെന്നും സമിതി അംഗങ്ങൾ അഭിപ്രായപ്പെടുകയും ഭാവിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ ആമുഖമായി നോട്ടിനെക്കുറിച്ച് ഒരു ലഘുവായ വിശദീകരണം നൽകണമെന്നും അത് വിഷയങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ഫലപ്രദമായ ചർച്ചയ്ക്ക് ഇടയാക്കുമെന്നും എങ്കിൽ മാത്രമേ വകുപ്പുതല പ്രവർത്തനങ്ങളെക്കുറിച്ച് നല്ല ആശയങ്ങളും ശുപാർശകളും സർക്കാരിന് ലഭിക്കുകയുള്ളൂ എന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

തുടർന്ന് സ്വർണ്ണവ്യാപാരത്തിൽ നിന്നും ലഭിക്കുന്ന നികുതി വരുമാനത്തെക്കുറിച്ച് സമിതി ചർച്ച ചെയ്തു. നികുതി ചോർച്ച തടയുന്നതിനാണ് കോമ്പൗണ്ടിംഗ് സിസ്റ്റം കൊണ്ടുവന്നതെന്നും നികുതി നിയമം അനുസരിച്ച് വ്യാപാരികളിൽ നിന്നും ലഭിക്കുന്ന നികുതി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണെന്നും അതുകൊണ്ടാണ് കോമ്പൗണ്ടഡ് ഡീലേഴ്സ് നികുതി കളക്ട് ചെയ്യരുതെന്ന് പറയുന്നതെന്നും കഴിഞ്ഞ വർഷം കോമ്പൗണ്ടഡ് ഡീലേഴ്സിൽ നിന്നും ലഭിച്ചതിനേക്കാൾ ഇരട്ടി നികുതി നോൺ കോമ്പൗണ്ടഡ് ഡീലേഴ്സിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ഈ അന്തരം കുറയ്ക്കുന്നതിനു വേണ്ടിയാണ് മിനിമം 125 ശതമാനം നികുതി അല്ലെങ്കിൽ ടേണോവറിന്റെ 1.25 ശതമാനം നികുതി അടയ്ക്കണം എന്ന നിബന്ധന വച്ചിരിക്കുന്നതെന്നും നികുതി വകുപ്പ് സെക്രട്ടറി വിശദമാക്കി. 1.25 ശതമാനം എന്നത് വളരെ വലിയ സംഖ്യയായതിനാൽ ഇത് മറ്റൊരു രീതിയിൽ നികുതി ചോർച്ചയ്ക്കുള്ള കളമൊരുക്കുകയാണെന്നും ഇപ്പോഴത്തെ രീതിയനുസരിച്ച് നികുതി ലഭ്യതയിൽ വർദ്ധനവ് ഇല്ല എന്നിരിക്കെ സത്യസന്ധമായി വ്യാപാരം ചെയ്യുന്നവർക്ക് ഓൺലൈൻ സിസ്റ്റം ഉള്ളതുകൊണ്ട് ഇത്രയും തുക അടയ്ക്കേണ്ടിവരുമ്പോൾ അതുമൂലമുള്ള കുറവ് പരിഹരിക്കുന്നതിന് അവർ മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിക്കുമെന്നും അതിനാൽ നികുതി വെട്ടിപ്പ് തടയുന്നതിനും പരമാവധി കളക്ഷൻ കൂട്ടുന്നതിനും പറ്റിയമാർഗ്ഗം ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണെന്നും സമിതി അംഗം വിശദമാക്കി.

ബജറ്റ് പ്രസംഗത്തിലെ നിർദ്ദേശമനുസരിച്ച് കോമ്പൗണ്ടഡ് ഡീലേഴ്സ് മുൻവർഷത്തെ നികുതിയുടെ 125 ശതമാനമോ അല്ലെങ്കിൽ ടേൺ ഓവറിന്റെ 1.25 ശതമാനമോ ഏതാണ് കൂടുതൽ അത്രയും തുക നികുതി നൽകേണ്ടതുണ്ട്. എന്നാൽ അവർക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കാൻ അനുവാദമില്ല. ഇത് സത്യസന്ധമായി നികുതി ഒടുക്കുന്ന വ്യാപാരികളെ ബാധിക്കുമെന്നതിനാൽ

കോമ്പൗണ്ടഡ് വ്യാപാരികളെ അനുയോജ്യമായ കുറഞ്ഞ നിരക്കിൽ നികുതി പിരിക്കാൻ അനുവദിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇക്കാര്യം സ്വർണ്ണ വ്യാപാരികളുടെ സംഘടനകളുമായി ചർച്ച് ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

കേരളത്തിലെ യുവാക്കൾക്ക് പൈലറ്റ് പരിശീലനം നൽകുന്ന ഏക സർക്കാർ സ്ഥാപനമായ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി തുടർന്നു കൊണ്ടു പോകാൻ പറ്റാത്ത സാഹചര്യമാണെന്നും വിമാനത്താവള വികസനത്തിന്റെ ഭാഗമായി അക്കാദമിയുടെ നിലവിലുള്ള ഹാംഗർ, ഓഫീസ് കെട്ടിടം, ഇന്ധന സംഭരണി എന്നിവ അടിയന്തിരമായി മാറ്റി സ്ഥാപിക്കേണ്ടിവന്നതിനാൽ ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണെന്നും സമിതിയുടെ പ്രത്യേക ക്ഷണിതാവ് ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി വിശദമാക്കി. കൊമേഴ്സ്യൽ സ്ഥാപനമാണെങ്കിലും കുട്ടികളിൽ നിന്നും ഈടാക്കുന്ന കുറഞ്ഞ നിരക്കിലുള്ള ഫീസും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റും ഉപയോഗിച്ചാണ് അക്കാദമിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതെന്നും ആയതിനാൽ ഈ സ്ഥാപനത്തിന് സർക്കാർ നൽകിയ ഭൂമിയിൽ സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് ഇതുവരെ അനുവദിച്ച തുകയ്ക്കുപുറമേ 8 കോടി 28 ലക്ഷം രൂപ '2075-00-200-98' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

100 ദിന പ്രോഗ്രാമിൽ ഇപ്പോൾ പഠിക്കുന്നത് 33 കുട്ടികളാണെന്നും ഫ്ളൈയിംഗിനായി എയർക്രാഫ്റ്റും മറ്റു സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഈ കുട്ടികളുടെ ഭാവി നശിച്ചുപോവുകയാണെന്നും ഇവിടെനിന്നും ലൈസൻസെടുത്ത് പുറത്തുവരുന്ന കുട്ടികൾ വളരെകുറവാണെന്നും ആയതിനാൽ ഒരു സിംഗിൾ എഞ്ചിൻ വിമാനമെങ്കിലും വാങ്ങേണ്ടതുണ്ടെന്നും പ്രത്യേക ക്ഷണിതാവ് സമിതിയിൽ വ്യക്തമാക്കി. കെട്ടിടംപണി പൂർത്തിയായി കഴിഞ്ഞാൽ എറോനോട്ടിക് എഞ്ചിനീയറിംഗ് പോലുള്ള കോഴ്സുകൾ തുടങ്ങാൻ സാധിക്കുമെന്നും വി.എസ്.എസ്.സി.യിൽ വൻജോലി സാധ്യതയുള്ള ഈ കോഴ്സ് പാസ്സായ മലയാളികൾ വളരെക്കുറവാണെന്നും അതുകൊണ്ട് ഈ സ്ഥാപനത്തിന്റെ വികസനത്തിനായി സാമ്പത്തികസഹായം നൽകേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അക്കാദമിയുടെ പ്രവർത്തനം സജീവമാക്കുന്നതിന്റെ ഭാഗമായി ഒരു വർഷം കൊണ്ട് ട്രെയിനി പൈലറ്റിന് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (സി.പി.എൽ.) ലഭ്യമാകുന്ന വിധത്തിൽ പരിശീലനം നടത്തണമെങ്കിൽ രണ്ട് സിംഗിൾ എഞ്ചിൻ വിമാനങ്ങളും ഒരു ഇരട്ട എഞ്ചിൻ വിമാനവും അടിയന്തിരമായി വാങ്ങേണ്ടതുണ്ട്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 6 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

18-8-2011-ന് മന്ത്രിമാർക്ക് കോഴിക്കോട് സെമിനാറിൽ പങ്കെടുക്കാൻ പോകേണ്ടതിനാൽ അന്നു നടത്താൻ നിശ്ചയിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി യോഗം 29-ാം തീയതിയിലേക്കു മാറ്റിയിരിക്കുന്നതായി സമിതി ചെയർമാൻ അറിയിച്ചു.

തുടർന്ന് നടന്ന രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ ഫലമായി സബ് രജിസ്ട്രാർ ആഫീസുകളിലെ പ്രിന്ററുകളുടേയും യു.പി.എസ്സു.കളുടെയും കൺസ്യൂമബിളുകൾ വാങ്ങുന്നതിനായി ഈ സാമ്പത്തികവർഷം അനുവദിച്ച 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2.14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ആധാരം ചെയ്യൽ ഓൺലൈൻ സംവിധാനത്തിലാക്കിക്കഴിഞ്ഞാൽ ആധാരം നടക്കുമ്പോൾ തന്നെ പോക്കുവരവ് ചെയ്യാമെന്നും ഈ രീതി അവലംബിച്ചാൽ ഭൂമി സംബന്ധമായ പല കേസുകൾക്കും പരിഹാരമാകുമെന്നും പോക്കുവരവ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തൊട്ടാകെയുള്ള 310 സബ് രജിസ്ട്രാർ ഓഫീസുകളിൽ ബ്രോഡ് ബാന്റ് ടെലിഫോൺ കണക്ഷനുകൾ ഏർപ്പെടുത്തിയിട്ടുള്ളതിന്റെ ചെലവുകൾക്കായി 5 ലക്ഷം രൂപയാണ് ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

റീസർവ്വേ പൂർത്തിയാക്കിയ 776 വില്ലേജുകളിൽ ഫെയർ വാല്യു ഫിക്സ് ചെയ്തു വരികയാണെന്നും ചില സ്ഥലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ഫെയർ വാല്യു അശാസ്ത്രീയമായിട്ടുള്ളതാണെന്നും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം വെളിപ്പെടുത്തി.

ഫീസ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന സമിതിയുടെ ചോദ്യത്തിന് ഫെയർ വാല്യുവിന്റെ അടിസ്ഥാനത്തിലാണ് വില നിശ്ചയിക്കുന്നതെന്ന് നികുതി വകുപ്പ് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഇപ്പോഴുള്ള ഫെയർ വാല്യു എല്ലാ സബ്ഡിവിഷനിലും പ്രാബല്യത്തിൽ വന്നിട്ടില്ലെന്നും ഒരു വലിയ സർവ്വേ നമ്പരിന് ഒരു വില നിശ്ചയിച്ച് ആ സർവ്വെ നമ്പരിലെ റോഡ് ഫ്രണ്ടേജുള്ള വസ്തുവിന്റെ അതേവില ആ സർവ്വെ നമ്പരിലെ എല്ലാ ഭാഗത്തിനും ബാധകമാക്കിക്കൊണ്ടുള്ളതാണ് ഇപ്പോഴത്തെ രീതിയെന്നും അദ്ദേഹം അറിയിച്ചു.

അശാസ്ത്രീയമായ ഈ രീതി അനീതിയാണെന്നും ആധാരസംഖ്യ കൂടുതലായതിനാൽ സാധാരണക്കാരന് രണ്ട് സെന്റ് ഭൂമി വാങ്ങാനോ വിൽക്കാനോ സാധിക്കാത്ത അവസ്ഥയാണെന്നും സമിതിയിൽ അഭിപ്രായമുണ്ടായി.

റീസർവ്വേ കഴിയാത്ത ഭാഗത്തെ റോഡ് ഫ്രണ്ടേജുള്ള വസ്തുവിനും റോഡ് ഫ്രണ്ടേജില്ലാത്ത വസ്തുവിനും തമ്മിലുള്ള വിലവ്യത്യാസത്തെക്കുറിച്ച് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കാമെന്നും ഹൈ ടെൻഷൻ ലൈൻ കടന്നുപോകുന്നസ്ഥലം ശ്മശാനത്തിന്റെ അരുകിലുള്ള സ്ഥലം എന്നിവയ്ക്ക് വില കുറവായതിനാൽ ഫെയർ വാല്യു പ്രത്യേകം നിശ്ചയിക്കേണ്ടതുണ്ടെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അപ്പീൽ സംവിധാനമുണ്ടെങ്കിലും സമയബന്ധിതമായി പ്രശ്നപരിഹാരം ഉണ്ടാകുന്നില്ലെന്നും ഇക്കാര്യത്തിൽ വകുപ്പ് അല്പം കൂടി ശ്രദ്ധിക്കേണ്ടതാണെന്നും സമിതിയിൽ അഭിപ്രായമുണ്ടായി. ഒരു സ്ഥലത്തെ ഭൂമിയുടെ വിലയെപ്പറ്റി ശരിയായ ധാരണയുള്ളത് പഞ്ചായത്ത്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി അധികാരികൾക്കാണെന്നും കളക്ടർ തീരുമാനമെടുക്കേണ്ടത് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ശുപാർശകൾക്കനുസരിച്ചായിരിക്കണമെന്നും സമിതിയിൽ അഭിപ്രായമുയർന്നു.

വില്ലേജ് ആഫീസർമാരാണ് നിലവിൽ വില നിശ്ചയിക്കുന്നതെന്നും ആയതിനാൽ അവരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പാകപ്പിഴകളാണ് പലപ്പോഴും ഇത്തരം അപാകതകൾക്ക് കാരണമാകുന്നതെന്നും നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു. സർക്കാരിനു ലഭിച്ച അപ്പീലുകളിൽ നല്ലൊരു ശതമാനത്തിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട് എന്നും എന്നാൽ ഇപ്പോഴും അപ്പീൽ നൽകാത്തതായ ചില കേസുകൾ ഉണ്ടെന്നും ഇവയ്ക്കെല്ലാം പരിഹാരം കാണുന്നതിന് മന്ത്രിതലത്തിൽ ഒരു യോഗം വിളിച്ചുചേർക്കുന്നത് ഉചിതമായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി ആധാരം എഴുത്തിന്റെ ഭാഷാശൈലി മാറ്റുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. മലയാള ഭാഷയുടെ വലിയ ഒരു കലവറയും പുരാതനവും രസകരവുമായ ഒരു സമ്പത്തുമാണ് ആധാരഭാഷയെന്നും അത് ഒഴിവാക്കിയാൽ ഈ ഭാഷയോടൊപ്പം ഒരു വിഭാഗം ജനങ്ങളുടെ ജീവിതമാർഗ്ഗവുമാണ് നശിക്കുന്നതെന്നും സമിതി വിലയിരുത്തി. ഇതൊടൊപ്പം തന്നെ ഭൂമി വാങ്ങുന്ന ഒരാൾക്ക് അയാളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതായും ഉണ്ട്. ആയതിനാൽ പഴയ ആധാരഭാഷ കാലഘട്ടത്തിനനുയോജ്യമായി കുറച്ചുകൂടി പരിഷ്കരിച്ച് ഉപയോഗിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണെന്നും സമിതി വിലയിരുത്തി.

ഭൂസർവ്വേക്കായി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന രീതി വളരെ കാലഹരണപ്പെട്ടതാണെന്നും അതിനാൽ അനുദിനം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ഭൂപ്രദേശങ്ങൾ സാറ്റലൈറ്റ് സർവ്വെ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്യുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുകയാണെന്നും ആയതിനാൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂപ്രദേശങ്ങൾ റീ സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഡിസ്ട്രിക്ട് രജിസ്ട്രാർ ആണെങ്കിലും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് ഒരു ചട്ടം നിലവിലില്ലാത്തതിനാൽ അത് നിർബന്ധിതമായി ചെയ്യാൻ കഴിയില്ല എന്ന് സമിതിയംഗത്തിന്റെ ചോദ്യത്തിന് രജിസ്ട്രേഷൻ വകുപ്പ് ഐ.ജി. മറുപടി നൽകി. ചില നിബന്ധനകൾക്ക് വിധേയമായാണ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നതെങ്കിലും പലപ്പോഴും ഇത് പാലിക്കാറില്ലെന്നും അത്തരത്തിൽ ഒരു സംഘടനയാണ് എ.കെ.സി.ഡി.എ. (ആൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസോസിയേഷൻ) എന്നും

കേരളത്തിലെ മരുന്നുവില ഉയരുന്നതിനുകാരണം ഈ സംഘടനയാണെന്നും ഏതെങ്കിലും ഒരു പുതിയ കമ്പനി ഒരു മരുന്ന് വിപണിയിൽ ഇറക്കുകയാണെങ്കിൽ 5 മുതൽ 25 ലക്ഷം രൂപ വരെ ഇവർക്ക് കമ്മീഷൻ കൊടുക്കണമെന്നും മറ്റുമുള്ള ഇവരുടെ സർക്കുലർ തികച്ചും നിയമവിരുദ്ധമാണെന്നും ഏതെങ്കിലും കമ്പനി വിലകുറച്ച് സപ്ലൈകോയുടെ കീഴിലുള്ള മെഡിക്കൽ ഷോപ്പുകൾക്ക് മരുന്ന് നൽകുകയാണെങ്കിൽ ആ കമ്പനിയെ ഇവർ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്നും കമ്പനിയിൽ നിന്നും നേരിട്ടല്ലാതെ ഇവരുടെ ഇടനിലവഴിയേ സപ്ലൈകോയിൽ മരുന്നുവാങ്ങാൻ സാധിക്കുകയുള്ളൂ എന്നും സമിതി അംഗം വിശദമാക്കി. ചാരിറ്റബിൾ സൊസൈറ്റി ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ സ്ഥാപനം തന്നെയാണ് സ്റ്റോക്കിസ്റ്റിനെയും ഡിസ്ട്രിബ്യൂട്ടേഴ്സിനേയും നിയമിക്കുന്നതും. ഇത്തരം സംഘടനകളെ നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും യാതൊരു സംവിധാനവും നിലവിലില്ലെന്നും ജീവൻരക്ഷാ മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഔട്ട്ലെറ്റുകൾ ആശുപത്രിയിൽ തുടങ്ങാൻ തീരുമാനിക്കുകയാണെങ്കിൽ അവർ അത് തടസ്സപ്പെടുത്തുമെന്നും അത്തരം ഔട്ട്ലെറ്റുകളിലേക്ക് മരുന്ന് എത്തിക്കുന്നതിൽ നിന്നും കമ്പനികളെ വിലക്കുമെന്നും ഗവൺമെന്റിന്റെ മാർക്കറ്റ് വെറും 10% മാത്രമായതിനാൽ പ്രൈവറ്റ് മാർക്കറ്റ് നഷ്ടപ്പെടുമെന്നുള്ള ഭീതിയിൽ അവർ സപ്ലൈകോയ്ക്ക് മരുന്നുകൾ നൽകാൻ മടിക്കുമെന്നും സമിതിയംഗം വിശദമാക്കി. ഇത്തരം സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റിംഗ് നടത്തുന്നുണ്ടോ എന്ന ചോദ്യത്തിന് മൂന്നുവർഷം തുടർച്ചയായി ഓഡിറ്റ് നടത്തിയില്ലെങ്കിൽ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ സ്വാഭാവികമായും ക്യാൻസൽ ആയി പോകുമെന്ന് രജിസ്ട്രേഷൻ വകുപ്പ് ഐ.ജി. അറിയിച്ചു.

ഇക്കാര്യം ഐ.ജി. അന്വേഷിപ്പിക്കേണ്ടതാണെന്നും എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് നടപടിയെടുക്കണമെന്നും സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ ഇത് ഒരു പ്രധാനവിഷയമായി എടുത്ത് ചർച്ച ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇത്തരം സംഘടനകളെ നിയന്ത്രിക്കുന്നതിന് ചാരിറ്റബിൾ സൊസൈറ്റി ആക്ടും എൻഡോവ്മെന്റ് ആക്ടും യോജിപ്പിച്ച് പുതിയ ഒരു ആക്ട് കൊണ്ടുവരേണ്ടതാണെന്നും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുമെന്ന മുന്നറിയിപ്പ് നൽകിയാൽ ഇത്തരം സംഘടനകൾ നല്ല രീതിയിൽ മുന്നോട്ടുപോകുമെന്നും എക്സ്-ഒഫീഷ്യോ അംഗം വിശദമാക്കി.

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി '2030-03-001-96-06 ജില്ലാ ഓഫീസുകൾ-വാടക-കരം-നികുതി' എന്ന ശീർഷകത്തിൽ മതിയായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. തുടർന്ന് മുദ്രപ്പത്രങ്ങളുടേയും സ്റ്റാമ്പുകളുടേയും ദൗർലഭ്യത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് നാസിക്കിൽ നിന്നും അച്ചടിച്ച് ലഭിക്കാത്തതിനാലാണ് ദൗർലഭ്യം നേരിടുന്നതെന്ന് ട്രഷറി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

നാസിക്കിൽ നിന്ന് മുദ്രപ്പത്രങ്ങൾ അച്ചടിച്ചുകൊണ്ടുവന്ന് വിതരണം ചെയ്യാൻ 20 കോടി രൂപ മുതൽ 24 കോടി രൂപ വരെ ചെലവുവരുമെന്നും അങ്ങനെ വിതരണം ചെയ്താൽ പോലും മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് ലഭിക്കണമെന്നില്ലെന്നും ഈ പ്രശ്നം

പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച പുതിയ സ്കീം ആണ് ഈ-സ്റ്റാമ്പിംഗ് എന്നും ഇത് സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്ക് ടെണ്ടർ നൽകിയിരിക്കുകയാണെന്നും ഇതുപ്രകാരം എത്ര രൂപയ്ക്കുള്ള പത്രം വേണമെങ്കിലും മുദ്രണം ചെയ്ത് ലഭ്യമാക്കുന്നതിന് സാധിക്കുമെന്നും ഇതിനായി സർക്കാരിന് നിലവിലുള്ള ചെലവിന്റെ 0.6% മാത്രമേ വരികയുള്ളൂ എന്നും ഇതുമൂലം വ്യാജ മുദ്രപ്പത്രങ്ങൾ ഉണ്ടാക്കുന്നത് തടയാൻ കഴിയുമെന്നും നികുതി വകുപ്പ് സെക്രട്ടറി വിശദമാക്കി. ഇന്ത്യയിലെ 8 സംസ്ഥാനങ്ങളിൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയെങ്കിലും വെണ്ടർമാരുടെ ബുദ്ധിമുട്ട് മനസ്സിലാക്കി കേരളത്തിൽ ഇതുവരെ ഈ രീതി സ്വീകരിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജുഡീഷ്യൽ/നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ അച്ചടി ചാർജ് വർദ്ധിച്ച സാഹചര്യത്തിൽ ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ജുഡീഷ്യൽ ശീർഷകത്തിൽ 50 ലക്ഷം രൂപയും നോൺ ജുഡീഷ്യൽ ശീർഷകത്തിൽ 2 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് അവസാനിച്ചു.

## 29-8-2011-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ യോഗം 2011 ആഗസ്റ്റ് 29 തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'VD' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ വി. ചെന്താമരാക്ഷൻ എം. എൽ. എ.
2. ,, കോവൂർ കുഞ്ഞുമോൻ ,,
3. ,, മുല്ലക്കര രത്നാകരൻ ,,
4. ഡോ. ടി. എം. തോമസ് ഐസക് ,,
6. ശ്രീ. എം. പി. വിൻസെന്റ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

സമിതി 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിൽ 21-ാം ഖണ്ഡികയായി ഉൾപ്പെടുത്തിയിരുന്ന "ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റു"മായി ബന്ധപ്പെട്ട 2810-00-800-94 മീറ്ററിന്റെ നിലവാരം പരിശോധിക്കുന്ന 'ലാബോറട്ടറി ആധുനീകരിക്കൽ' എന്ന ശീർഷകം സംബന്ധിച്ച ശുപാർശ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥന XVII-ൽ ഉൾപ്പെടുന്നതാകയാൽ പ്രസ്തുത ശുപാർശ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുവാനും സബ്ജക്ട് കമ്മിറ്റി VI-ന് കൈമാറുവാനും തീരുമാനിച്ചു.

2010 ജൂൺ 28 മുതൽ 2011 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി യോഗം രാവിലെ 11.30-ന് അവസാനിച്ചു.

## 24-10-2011-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം ഒക്ടോബർ 24 തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.45-ന് നിയമസഭാ കോംപ്ലക്സിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു തദവസരത്തിൽ സന്നിഹിതനായിരുന്നു.

ഹാജരായ മറ്റംഗങ്ങൾ :

1. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി എം. എൽ. എ.
2. ,, വി. ചെന്താമരാക്ഷൻ ,,
3. ,, കോവൂർ കുഞ്ഞുമോൻ ,,
4. ,, മുല്ലക്കര രത്നാകരൻ ,,
5. പ്രൊഫ. സി. രവീന്ദ്രനാഥ് ,,
6. ശ്രീ. വി. ഡി സതീശൻ ,,
7. ഡോ. ടി. എം. തോമസ് ഐസക് ,,
8. ശ്രീ. എം. പി. വിൻസെന്റ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. വി. പി. ജോയി, സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
4. ശ്രീ. സുമൻബില്ല, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
5. ശ്രീ. സി. കെ. പത്മകേശൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. കെ. ആർ. വിവേകാനന്ദ്, ഐ. ജി., രജിസ്ട്രേഷൻ വകുപ്പ്
7. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8. ശ്രീ. ടി. കെ. രതീഷ് ബാബു, ചീഫ് എഞ്ചിനീയർ, രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി.

9. ശ്രീ. അനിൽ സേവ്യർ, എക്സൈസ് കമ്മീഷണർ

10. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

11. ശ്രീ. പി. രാജേന്ദ്രൻ, എം. ഡി., കെ.എസ്.എഫ്.ഇ.

12. ശ്രീ. എസ്. ശരത്ചന്ദ്രൻ, ജി. എം. (ഫിനാൻസ്), കെ.എസ്.എഫ്.ഇ.

13. ശ്രീ. ആർ. കെ. ശ്രീകുമാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്

14. ശ്രീ. വി. ജെ. ഗോപകുമാർ, അസിസ്റ്റന്റ് കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്

15. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

16. ശ്രീമതി ഡി. വിജയകുമാരി, ഡയറക്ടർ, ട്രഷറി വകുപ്പ്

17. ശ്രീമതി ഷീജ, ടി.എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീ. വി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്

19. ശ്രീ. എസ്. സുരേഷ്ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

20. ശ്രീ. എ. ആർ. അജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

21. ശ്രീമതി കെ. വി. ഓമന, സെക്രട്ടറി, ഏവിയേഷൻ അക്കാദമി.

യോഗാരംഭത്തിൽ സമിതി 2011-ലെ കേരള ധനകാര്യ ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 1*

For clause I, the following clause shall be substituted namely :—

"1. Short title and commencement"—(1) This Act may be called the Kerala Finance Act, 2011.

(2) Save as otherwise provided in this Act,—

(i) clause (ii) of sub-section (2) and sub-clause (f) of clause (i) of sub-section (13) of section 8 shall deemed to have come into force on the 1st day of April, 2005 ;

(ii) sub-section (8) and sub-clause (g) of clause (ii) of sub-section (13) of section 8 shall be deemed to have come into force on the 1st day of April, 2007 ;

(iii) sub-clause (e) of clause (ii) of sub-section (3) of section 8 shall be deemed to have come into force on the 1st day of April, 2010 ;

(iv) section 2, clause (i) of sub-section (3) of section 4, sub-sections (1), (3) and (4) of section 5, sub-sections (1), (2), (3) and (4) of section 6 and sub-section (1), item (ii) of sub-clause(b), sub-clause(c) and (d) of clause(i), sub-clause(d) of clause (iii) of sub-section(2), clause(i), item(i) of sub-clause (a), sub-clause(b) of clause (ii) of sub-section (3), sub-sections (4), (5), (6), (9) and (11) clause (i) of sub-section (12), sub-clause (b), (c) and (e) of clause (i), sub-clauses (a), (c), (d), (e) and (f) of clause (ii) of sub-section (13) of section 8 shall be deemed to have come into force on the 1st day of April, 2011;

(v) section 3, sub-sections (1), (2), (4) of section 4, sub-section (2) of section 5, sub-sections (5) and (6) of section 6, section 7, sub-clause (a), item(i) of sub-clause (b) of clause (i) and sub-clauses (a), (b) and (c) of clause (iii) of sub-section (2), item (ii) of sub-clause (a), sub-clauses (c) and (d) of clause (ii) of sub-section (3), sub-section (10), clause (ii) of sub-section (12), sub-clauses (a) and (d) of clause (i), sub-clause (b) of clause (ii) of sub-section (13) of section 8, sections 9, 10 and 11 shall be deemed to have come into force on the 19th day of July, 2011;

(vi) the remaining provisions of this Act shall come into force at once".

ഇ—ഫയലിംഗ് സമ്പ്രദായത്തിൽ റിട്ടേണുകൾകൂടി ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതിയാണ് അടുത്തതെന്ന് സമിതി ചെയർമാൻ അറിയിച്ചു.

*Clause 3*

In section 11B of the Kerala Money Lenders Act, 1958, proposed to be inserted by clause 3, for the words "form and other statements etc.," the words "returns, forms and other statements" shall be substituted.

ഭാഗപത്രം, ധനാധാരം, ധനനിശ്ചയാധാരം, ഇഷ്ടദാനം എന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നതിൽ വസ്തുവിന്റെ വിലകൂടി ഉൾപ്പെടുത്തുന്നതിനും റിലീസ് ഡീഡിന് 1,000 രൂപയാക്കുന്നതിനുമുള്ള ഭേദഗതികളാണ് 4-ാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ചെയർമാൻ വിശദമാക്കി.

*Clause 4*

In the Schedule to the Kerala Stamp Act, 1959, proposed to be amended by clause 4,—

(1) for the entry in column (3) against clause (i), in serial number 31, proposed to be substituted by sub-clause (i), the following entry shall be substituted, namely :—

"Two rupees for every rupees 100 or part thereof of the fair value of the land and the value of the other properties set forth in the instrument or the value of all the properties set forth in the instrument, whichever is higher, subject to a maximum of rupees 1000.";

(2) for the entry in column (3) against clause (i), in serial number 42, proposed to be substituted by item (i) of sub-clause (2), the following entry shall be substituted, namely :—

"One rupee for every rupees 100 or part thereof of the fair value of the land and the value of the all the properties of the separated share or shares or the value of all the share or shares of all properties, whichever is higher, subject to a maximum of rupees 1000.";

(3) for sub-clause (3), the following sub-clause shall be substituted, namely :—

"(3) in serial number 48, in clause (a),—

(i) in the entry in column(2), for the words "brother or sister of a person", the words "grand children, brother, sister or legal heirs of the deceased children of a person" shall be substituted ;

(ii) for the entry in column (3), the following entry shall be substituted;

"One rupee for every rupees 100 or part thereof of the amount of the fair value of the land and the value of other properties or claims or the value of all the properties

or claims of which the right is relinquished in proportion to the right relinquished or consideration for the release, whichever is higher, subject to a maximum of rupees 1000.";

(4) for the entry in column(3), against sub-clause(i) of clause (a) in serial number 51, proposed to be substituted by sub-clause (4), the following entry shall be substituted, namely :—

"Two rupees for every rupees 100 or part thereof of the fair value of the land and the value of other properties set forth in the instruments or the value of all properties set forth in such instrument, whichever is higher, subject to a maximum of rupees 1000.";

ആദ്യ ബഡ്ജറ്റിലെ നിർദ്ദേശമനുസരിച്ച് കോമ്പൗണ്ടിംഗ് നികുതി കണക്കാക്കുന്നതിന് വ്യക്തത വരുത്തുന്നതിനാണ് കേരള ജനറൽ സെയിൽസ് ടാക്സ് ആക്ടിലെ അടുത്ത ഭേദഗതിയെന്ന് സമിതി ചെയർമാൻ അറിയിച്ചു.

*Clause 5*

For the proviso proposed to be added to section 7 of the Kerala General Sales Tax Act, 1963, by sub-clause(1) of clause 5, the following proviso shall be substituted, namely :—

"Provided that the rate of tax mentioned under clause (b) of item (i) above shall be one hundred and ten per cent of the tax paid for the previous year for those bar hotels who have paid compounded tax under this Act continuously for the last five years and one hundred and twelve per cent of the tax paid for the previous year for those who have paid compounded tax continuously for the last three years."

*Clause 6*

In Section 5 B of the Kerala Tax on Luxuries Act, 1976 (32 of 1976), Proposed to be inserted by sub-clause (5), the word and punctuations "etc." shall be deleted.

*Clause 7*

In Section 35 A of the Kerala Agricultural Income Tax Act, 1991 (15 of 1991), proposed to be inserted by clause 7, the word and punctuation "etc." shall be deleted.

*Clause 8*

In the Kerala Value Added Tax Act, 2003, proposed to be amended by clause 8,—

(1) in sub-clause (2), for sub-item (b) of item (i), the following sub-item shall be substituted, namely :—

"(b) in the fifth proviso,—

(i) in item (a), after the words "Indian Naval Canteen Service", the words "Central Police Canteen" shall be inserted ;

(ii) in item (b), after the words "Canteen Stores Department", the words "Indian Naval Canteen Stores or Air Force Canteen, as the case may be". shall be inserted.";

(2) for sub-item (a) (iii) of item (ii) of sub-clause (3), the following shall be substituted, namely :—

"(iii) for the existing proviso to the clause (f), the following proviso shall be substituted, namely :—

"Provided that dealer who opts for payment of tax under this clause may collect tax at the rate not exceeding 1.25 per cent for the commodity, but where the tax so collected during year is in excess of the tax payable for the year under this clause, the tax collected in excess shall be paid over to the Government in addition to tax payable under this clause" .";

(3) sub-clause (7) shall be deleted and the remaining sub-clauses shall be re-numbered accordingly ;

(4) in sub-clause (12) as so re-numbered,—

(a) for the entries proposed to be inserted as serial number 4B by sub item (a) of item (i), the following shall be substituted, namely :—

| | | |
|---|---|---|
| "4B | Bio-insecticides | *** " ; |

(b) after sub-item (a) of item (i), the following sub-item shall be inserted, namely:—

"(aa) after serial number 17A and the entries against it in columns (2) and (3), the following serial number and entries shall respectively be inserted, namely :—

"17B. Fertilisers, bio-fertilisers, micronutrients and similar products.

| | | |
|---|---|---|
| (1) | Animal or vegetable fertilisers whether or not mixed together or chemically treated ; Fertilisers produced by the mixing or chemical treatment of animal or vegetable products. | 3101 |
| (2) | Chemical fertilisers | |
| | (a) Mineral or chemical fertilisers, nitrogenous | 3102 |
| | (b) Mineral or chemical fertilisers, phosphatic | 3103 |
| | (c) Mineral or chemical fertilisers, potassic | 3104 |
| | (d) Mineral or chemical fertilisers containing two or three of the fertilising elements nitrogen, phosphorus and potassium; | 3105 |
| | Other fertilisers | |
| (3) | Bio-fertilisers, and micronutrients | *****";"; |

(c) in item (ii), for sub-item (b), the following sub-item shall be substituted, namely :—

"(b) serial number 44 and the entries against it in columns (2) and (3) shall be omitted.";

(d) after sub-item (b) of item (ii), the following sub-item shall be inserted, namely :—

"(ba) after serial number 52 and the entries against it in columns (2) and (3), the following serial number and entries shall respectively be inserted, namely :—

| | | |
|---|---|---|
| "52A. | Gypsum | 2520.10.10"; |

(e) after sub-item (e) of item (ii), the following sub-item shall be inserted, namely :—

"(ea) after serial number 97 and the entries against it in columns (2) and (3), the following serial number and entries shall respectively be inserted, namely :—

"97A. pesticides, weedicides, insecticides, fungicides, herbicides, rodenticides, anti-sprouting products and plant growth regulators and bio-control agents and similar products. ******".

മിലിട്ടറി, നേവി, എയർഫോഴ്സ് തുടങ്ങിയ ക്യാന്റീനുകൾക്ക് നികുതിയിളവ് നൽകിയിട്ടുള്ളതുപോലെ സെൻട്രൽ പോലീസ് ക്യാന്റീനും നികുതി ഒഴിവാക്കിക്കൊണ്ട് ഖണ്ഡം 8-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതിമുഖേന എണ്ണത്തിൽ കൂടുതലുള്ള കേരള പോലീസുകാർ മാത്രമല്ല അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും ഇനിമുതൽ ക്യാന്റീൻമുഖേന സാധനങ്ങൾ വാങ്ങുമെന്നും അപ്രകാരം ഇത് സർക്കാരിന് ഭാവിയിൽ വലിയ രീതിയിൽ റവന്യൂ നഷ്ടത്തിന് ഇടയാക്കുമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

2004 മുതലുള്ള ബിൽ ലാപ്സ് ആയിപ്പോയതിനാൽ അത് വാലിഡേറ്റ് ചെയ്യുന്നതിന് ഖണ്ഡം 12 ആയി വാലിഡേഷൻ പുതുതായി ചേർക്കണമെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി തുടർന്നറിയിച്ചു.

*New Clause 12*

After clause 11, a new clause shall be added as clause 12, namely :—

"12. *Validation*.—(1) Notwithstanding the lapse of the Kerala Finance Bill, 2011 (Bill No. 426 of the Twelfth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of the said Bill, anything done or any action taken, including the levy and collection of tax or duty, during the period from the 1st day of April, 2011 to the 19th day of July, 2011, by virtue of the declared provisions contained in the said Bill, under the Kerala Surcharge on Taxes Act, 1957 (11 of 1957) or under the Kerala Stamp Act, 1959 (17 of 1959) or under the Kerala General Sales Tax Act, 1963 (15 of 1963) or under the Kerala Tax on Luxuries Act, 1976 (32 of 1976) or under the Kerala Value Added Tax Act, 2003 (30 of 2004) (hereinafter referred to as the 'respective Acts'), as they stand amended by the said Bill, shall be deemed to be and to have always been, for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st April, 2011 to the 19th day of July, 2011 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of the said provisions of the said Bill, shall be deemed to have been validly done or taken under the respective Acts and no action shall lie against, any dealer or authority, on the ground of short levy or refund of excess tax or duty and tax or duty collected, if any, by a dealer or an authority, as the case may be, shall be paid over to the Government."

ഡോ. ടി. എം. തോമസ് ഐസക്, സർവ്വശ്രീ കോവൂർ കുഞ്ഞുമോൻ, വി. ചെന്താമരാക്ഷൻ, മുല്ലക്കര രത്നാകരൻ, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നിവർ ബില്ലിൻമേൽ വിയോജിപ്പ് രേഖപ്പെടുത്തി. തുടർന്ന് സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയിരുന്ന താഴെപ്പറയുന്ന കരടുചട്ടങ്ങൾ ചില ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

1. ദി കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2011.

ഫയൽ നമ്പർ 18961/സബ്.സി.ഇ2/2010/ലെജി.

In rule 1 (2) for the words and figures, “20th day of February, 2009.” the words and figures “3rd day of March, 2009.” shall be substituted.

2. ദി കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2011.

ഫയൽ നമ്പർ 18962/സബ്.സി.ഇ2/2010/ലെജി.

In rule 1 (2) for the words and figures “20th day of February, 2009.” the words and figures “3rd day of March, 2009.” shall be substituted.

3. ദി ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) റൂൾസ്, 2011

ഫയൽ നമ്പർ 11055/സബ്.സി.ഇ2/2011/ലെജി.

(i) In the Preamble, for the words and figures “published as part I” the words “published in part I” shall be substituted.

(ii) Rule 1 shall be recast as follows :—

“Short Title and Commencement.— (1) These rules may be called the General Provident Fund (Kerala) Rules 2011.

(2) They shall be deemed to have come into force on the 1st day of April, 2011.”

(iii) In rule 2 (1) (b) for the words, “except whereas otherwise” the words “except as otherwise” shall be substituted.

(iv) In rule 2 (1) (c) for the words and punctuations “ “family” means and includes,—” the words and punctuations “ “family” means the family of the subscriber which includes,—-” shall be substituted.

(v) In rule 2 (2) for the words “expressions note defined,” the words “expressions not defined,” shall be substituted.

സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

ദി ട്രഷറി (അമെന്റ്മെന്റ്) റൂൾസ്, 2011.

ഫയൽ നമ്പർ 14120/സബ്.സി.ഇ2/2010/ലെജി.

എസ്.ആർ.ഒ.കളുടെ സാധൂകരണം

11-1-2010-ലെ സമിതിയോഗം നിർദ്ദേശിച്ചപ്രകാരം താഴെപ്പറയുന്ന ഗസറ്റ് വിജ്ഞാപനങ്ങൾക്കുള്ള ശുദ്ധിപത്രങ്ങളായി പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനങ്ങൾ ഉൾപ്പെടെ സമിതി സാധൂകരണം നൽകി.

1. കേരള അബ്കാരി ആക്ട്—എസ്.ആർ.ഒ. സാധൂകരണം

ഫയൽ നമ്പർ 11489/സബ്.സി.ഇ2/2009/ലെജി.

(എ) ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2008).

S.R.O. No. 500/2008, G.O. (P) No. 101/2008/TD., dated 20-5-2008.

(ബി) ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (തേർഡ് അമെന്റ്മെന്റ്) റൂൾസ്, 2008.

S.R.O. No. 759/2008, G.O. (P) No. 146/2008/TD., dated 15-7-2008.

ശുദ്ധിപത്രങ്ങൾ

1. S.R.O. No. 794/2010, G.O. (P) No. 205/2010/TD., dated 10-8-2010.
2. S.R.O. No. 795/2010, G.O. (P) No. 204/2010/TD., dated 10-8-2010.

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നികുതി, ധനകാര്യം എന്നീ വകുപ്പുകൾ സമർപ്പിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത എസ്.ആർ.ഒ.കൾക്ക് ഭേദഗതികളില്ലാതെ സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2. അബ്കാരി പോളിസി ഫോർ ദി ഇയർ 2009-10—എസ്.ആർ.ഒ. സാധൂകരണം. ഫയൽ നമ്പർ 13913/സബ്.സി.ഇ2/2010/ലെജി.

(എ) ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, 2002.

(i) S.R.O. No. 211/2009, G.O.(P) No. 35/2009/TD. dated 3-3-2009.

(ii) S.R.O. No. 212/2009, G.O.(P) No. 36/2009/TD. dated 4-3-2009.

(iii) S.R.O. No. 213/2009, G.O.(P) No. 37/2009/TD. dated 4-3-2009.

(iv) S.R.O. No. 216/2009, G.O.(P) No. 41/2009/TD. dated 4-3-2009.

(ബി) ദി ട്രീ ടാക്സ് (അമെന്റ്മെന്റ്) റൂൾസ്, 2009.

(v) S.R.O. No. 233/2009, G.O. (P) No. 46/2009/TD. dated 12-3-2009.

(സി) ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2009.

(vi) S.R.O. No. 504/2009, G.O.(P) No. 103/2009/TD. dated 16-6-2009.

(ഡി) ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ്, 2002.

(vii) S.R.O. No. 505/2009, G.O.(P) No. 104/2009/TD. dated 16-6-2009.

(ഇ) ദി ഫോറിൻ ലിക്വർ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2009.

(viii) S.R.O. No. 657/2009, G.O.(P) No. 140/2009/TD. dated 31-7-2009.

(എഫ്) ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2009.

(ix) S.R.O. No. 1094/2009, G.O.(P) No. 233/2009/TD. dated 22-12-2009.

3. ദി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (അമെന്റ്മെന്റ്) സ്കീം, 2010.

ഫയൽ നമ്പർ 1901/സബ്.സി.ഇ2/2011/ലെജി.

S.R.O. No. 4/2011, G.O. (P) No. 677/2010/Fin. dated 10-12-2010.

സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലും യോഗനടപടിക്കുറിപ്പുകളിലുമുള്ള ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003–04) (സബ്ജക്ട് കമ്മിറ്റി V—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും)

   ഫയൽ നമ്പർ 15987/സബ്.സി.ഇ2/2010/ലെജി.

   ഖണ്ഡിക—11

2. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

   ഫയൽ നമ്പർ 15376/സബ്.സി.ഇ2/2009/ലെജി.

   ഖണ്ഡിക—5, 6, 7, 8, 9, 10, 11, 12, 14, 15, 16.

3. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010–11) (സബ്ജക്ട് കമ്മിറ്റി V—മുദ്രപ്പപത്രങ്ങളും രജിസ്ട്രേഷനും)

   ഫയൽ നമ്പർ 15209/സബ്.സി.ഇ2/2010/ലെജി.

   ഖണ്ഡിക—1, 2, 3, 4, 5

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010–11)

ഫയൽ നമ്പർ 14962/സബ്.സി.ഇ2/2010/ലെജി.

ഖണ്ഡിക—5, 6, 7, 8, 9, 11, 12, 13, 14, 15, 16, 17, 18, 19.

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 21-3-2002-ലെ യോഗനടപടിക്കുറിപ്പിലെ ഖണ്ഡിക 14-ലെ ശുപാർശയിൻ മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തിയ താഴെപ്പറയുന്ന ഫയലുകൾ സമിതി പരിഗണിക്കുകയും തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു.

1. 3-11-1994-ലെ യോഗനടപടിക്കുറിപ്പിലെ 16-ാം ഖണ്ഡികയിലെ ശുപാർശയ്ക്ക് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 14544/സബ്.സി.ഇ2/1994/ലെജി.)

3-11-1994-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗനടപടിക്കുറിപ്പിലെ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 16-ലെ ശുപാർശയ്ക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും എക്സൈസ് വകുപ്പിന്റെ സഹായത്തോടെ എല്ലാ ജില്ലകളിലെയും ആൽക്കഹോളിന്റെ ആളോഹരി ഉപഭോഗം സംബന്ധിച്ച സ്ഥിതിവിവരക്കണക്കും ആളോഹരി ഉപഭോഗവും രോഗങ്ങൾ ഉണ്ടാകുന്നതും തമ്മിൽ നേരിട്ട് ബന്ധമുണ്ടോ എന്നത് സംബന്ധിച്ച് സി.ഡി. എസ്സുമായി സഹകരിച്ച് പഠനം നടത്തണമെന്ന സമിതിയുടെ ശുപാർശ സംബന്ധിച്ച നടപടിയുടെ പുരോഗതി സമിതി ചർച്ച ചെയ്തു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ സൈക്യാട്രി വിഭാഗം നടത്തിയ പഠനറിപ്പോർട്ട് സമിതിക്ക് നൽകിയെങ്കിലും അത് അംഗീകരിച്ചില്ലെന്നും സാമ്പത്തിക ശാസ്ത്രം കൈകാര്യം ചെയ്യുന്ന സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് പോലുള്ള സ്ഥാപനത്തിന്റെ പഠനരീതി സമിതി ആവശ്യപ്പെടുകയുണ്ടായിയെന്നും എന്നാൽ സമിതി ആവശ്യപ്പെടുന്നപോലെയുള്ള പഠനരീതിയല്ല സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനുള്ളതെന്നും ആയതിനാൽ ഈ പഠനം സംബന്ധിച്ച പാരാമീറ്റേഴ്സ് എന്താണെന്നുള്ളതിനെക്കുറിച്ചും മെത്തഡോളജിയെ കുറിച്ചും വ്യക്തത ലഭിക്കുന്നില്ലെന്നും ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആരോഗ്യവകുപ്പ് വേണ്ടത്ര ബോധവൽക്കരണം കൊടുത്തിരുന്നുവെങ്കിൽ ഇത്രയും മദ്യപാനം ഉണ്ടാകുകയില്ലായിരുന്നു എന്നും മദ്യപാനം എങ്ങനെ ആരോഗ്യത്തെ ബാധിക്കുന്നു എന്നും ഉള്ള രണ്ട് പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ് പഠനം നടത്തേണ്ടതെന്ന് സമിതി ചെയർമാൻ വ്യക്തമാക്കി.

ഇവ രണ്ടും കൂട്ടിയിണക്കി എപ്രകാരം ഒരു മെത്തഡോളജിക്കൽ സ്റ്റഡിയാക്കി മാറ്റാൻ കഴിയും എന്നുള്ളതാണ് ആലോചിക്കേണ്ടതാണെന്നും ഇത്തരത്തിലുള്ള ഒരു പഠനം നടത്തുന്നതിനുള്ള സൗകര്യം വകുപ്പിനില്ലെന്നും ആയതിനാൽ ഈ മേഖലയിൽ ജോലി ചെയ്യുന്ന വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് ഏതൊക്കെ രീതിയിൽ പഠനം

നടത്താം എന്നുള്ള നിർദ്ദേശം വൈകാതെ സമിതിയുടെ മുൻപാകെ സമർപ്പിക്കുന്നതാണെന്ന് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുനൽകി.

പ്രശസ്തരായിട്ടുള്ള സോഷ്യോളജിസ്റ്റുകൾ, ഡോക്ടർമാർ തുടങ്ങിയ വിദഗ്ദ്ധരുടെ സഹായത്തോടെ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണെങ്കിൽ സമിതി അത് അംഗീകരിക്കുമെന്നും ആയത് നടപ്പിലാക്കാൻ ആവശ്യമായ തുക ലഭ്യമാക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുമെന്നും സമിതി ചെയർമാൻ തുടർന്നറിയിച്ചു.

2. കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച്.

(ഫയൽ നമ്പർ 17453/സബ്.സി.ഇ2/2008/ലെജി.)

കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് റിപ്പോർട്ടിന്റെ തുടർനടപടികളെ സംബന്ധിക്കുന്ന തീരുമാനം കൈക്കൊള്ളുന്നതിന് ആയതിന്റെ പരിഗണന മാറ്റിവച്ചു.

3. മദ്യാസക്തിക്കെതിരെയുള്ള പ്രചരണം

(ഫയൽ നമ്പർ 16251/സബ്.സി.ഇ2/2009/ലെജി.)

മദ്യാസക്തിക്കെതിരെയുള്ള പ്രചരണവും നടപടികളും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുക്കുന്നതിനായി തയ്യാറാക്കിയ കുറിപ്പിന്റെ കരട്, ആൽക്കഹോളിന്റെ ഉപഭോഗവും രോഗങ്ങളും സംബന്ധിച്ചുള്ള പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട ഫയൽ (ഫയൽ നമ്പർ 14544/സബ്.സി.ഇ2/1994/ലെജി.) പരിഗണിക്കുന്നതിനായി ചേരുന്ന വേളയിൽ പരിഗണിക്കുന്നതാണെന്ന് സമിതി അറിയിച്ചു.

2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് ഭേദഗതികൂടാതെ സമിതി അംഗീകരിച്ചു.

സമിതിയുടെ അടുത്തയോഗം 27-10-2011-ന് തിരുവനന്തപുരത്തുവച്ച് ചേരുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു.

## 27-10-2011-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2011 ഒക്ടോബർ 27 വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.10-ന് നിയമസഭാ കോംപ്ലക്സിലെ 'IV C' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. വി. ചെന്താമരാക്ഷൻ എം. എൽ. എ
2. ,, കോവൂർ കുഞ്ഞുമോൻ ,,
3. ,, മുല്ലക്കര രത്നാകരൻ ,,
4. പ്രൊഫ. സി. രവീന്ദ്രനാഥ് ,,
5. ശ്രീ. വി. ഡി. സതീശൻ ,,
6. ഡോ. ടി. എം. തോമസ് ഐസക് ,,
7. ശ്രീ. എം. പി. വിൻസെന്റ്. ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. പി. ജോയി, സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ (ഭേദഗതി) ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. വി. ചെന്താമരാക്ഷൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.